കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പടന്ന ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-9/215/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 11.03.2019

ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്.

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

പടന്ന ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : പടന്ന ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടന്ന ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 9/215/2019, തിയ്യതി:11.03.2019

# കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-08-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മഹേഷ.ബി, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27-02-2019 മുതൽ 08-03-2019വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ഗോപാലകൃഷ്ണ നായിക്.പി | ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീ.കിരൺദാസ്.പി. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.രഘുനാഥൻ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുനിൽകുമാർ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.സുധീഷ്.എൻ.കെ. | ഓഡിറ്റർ |

നിർവഹണാധികാരികൾ

| നിർവ്വഹണാധികാരി | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡണ്ട് | ഫൗസിയ.പി.സി | 01.04.2017 | 31.03.2018 |
| സെക്രട്ടറി | അനിൽ കുമാർ എൻ.എം | 01.04.2017 | 17.12.2017 |
| | അജുദേവ്.വി-<br>(അസി.സെക്രട്ടറി ,ഇൻ ചാർജ്) | 18.12.2017 | 25.01.2018 |
| | വിനയരാജ്.കെ.വി<br>(അസി.സെക്രട്ടറി ,ഇൻ ചാർജ്) | 26.01.2018 | 14.02.2018 |
| | അനിൽ കുമാർ എൻ.എം | 15.02.2018 | 31.03.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസി. എഞ്ചിനീയർ | കവിത.എം | 1.4.2017 | 31.10.2017 |
| | വാഹീദ .കെ | 1.11.2017 | 31.3.2018 |
| കൃഷി ഓഫീസർ. | അംബുജാക്ഷൻ.ടി | 1.4.2017 | 31.3.2018 |
| വി.ഇ.ഒ | പ്രകാശൻ.വി.എം | 1.4.2017 | 31.3.2018 |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | ഗിരിജ.കെ.വി | 1.4.2017 | 15.12.2017 |
| | ജിസ്മി അഗസ്റ്റിൻ | 16.12.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ, PHC | ഡോ.വിക്രം.വി.വി | 1.4.2017 | 20.12.2017 |
| | ഡോ.അമ്പിളി ജനാർദ്ദനൻ | 21.12.2017 | 31.3.2018 |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ, GAD | ഡോ.പ്രിയ.കെ | 1.4.2017 | 31.3.2018 |
| ഹെഡ് മാസ്റ്റർ | രാജൻ.ടി.വി | 1.4.2017 | 31.3.2018 |
| അസിസ്റ്റന്റ് സെക്രട്ടറി | ഒഴിവ് | 1.4.2017 | 20.6.2017 |
| | അജദേവ് | 21.6.2017 | 25.1.2018FN |
| | വിനയരാജ് | 25.1.2018AN | 31.3.2018 |
| വെറ്റിനറി സർജൻ | ഡോ.സാബു.എം.പി | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ, GHD | ഡോ.സുജയനായർ | 1.4.2017 | 31.3.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | വേണുഗോപാലൻ.പി | 1.4.2017 | 31.3.2018 |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി. | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | |
| 12 | ഇ.ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2-1 |
| 13 | 2017-18 ൽ പിരിച്ചെടുത്ത ലൈബ്രറിസെസ് നാളിതുവരെ അടവാക്കിയിട്ടില്ല | 2-2 |
| 14 | കെട്ടിട നിർമാണ അപേക്ഷകളെ കുറിച്ചുള്ള വിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല | 2-3 |
| 15 | രശീതി പരിശോധന- പൊതു അപാകതകൾ | 2-4 |
| 16 | തൊഴിൽ നികുതി വരവ്- അപാകത | 2-5 |
| 17 | D&O ലൈസൻസ് : ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് ഈടാക്കേണ്ടതാണ് | 2-6 |
| | ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | |
| 18 | പശു വളർത്തൽ പദ്ധതി - അപാകത | 3-1 |
| 19 | ആട് വളർത്തൽ പദ്ധതി - പട്ടികജാതി - അപാകത | 3-2 |
| 20 | ആട് വളർത്തൽ പദ്ധതി - ജനറൽ - അപാകത | 3-3 |
| 21 | പട്ടികജാതി കോളനിയിൽ സ്ട്രീറ്റ് ലൈറ്റ് പദ്ധതി - അപാകത | 3-4 |
| 22 | LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി - അപാകത | 3-5 |
| 23 | ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി | 3-6 |
| 24 | ആസ്തിരജിസ്റ്റർ കാലികമാക്കിയില്ല. | 3-7 |
| 25 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ | 3-8 |

| | | |
|---|---|---|
| | പ്രൊജക്ടുകൾ- അപാകതകൾ | |
| 26 | സർവ്വീസ് ടാക്സ് ഇനത്തിൽ ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക ഗ്രാമ പഞ്ചായത്ത് തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 3-9 |
| 27 | ദേശീയതൊഴിലുറപ്പുപദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താതെ തൊഴിൽ രഹിത വേതനം തുടരുന്നു. | 3-10 |
| 28 | പണം മുൻകൂർ നൽകി-മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിയില്ല. | 3-11 |
| 29 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്- അർഹമായ തുക നൽകുന്നില്ല. | 3-12 |
| 30 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ [V | 3-13 |
| 31 | അംഗൻവാടി കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിന് വിഹിതം നൽകൽ-പ്രവർത്തികളുടെ പുരോഗതി സംബന്ധിച്ച വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല-1,20,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-14 |
| 32 | NPRPD ഗ്രാമ പഞ്ചായത്ത് വിഹിതം നല്കിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-15 |
| 33 | ഭവന നിർമ്മാണ പദ്ധതിക്കായി തുക കൈപ്പറ്റിയിട്ടും യാതൊരു നിർമ്മാണവും നടത്തിയില്ല | 3-16 |
| 34 | ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടും തൻവർഷം പദ്ധതി നടപ്പാക്കിയില്ല | 3-17 |
| 35 | തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിലെ -അപാകതകൾ | 3-18 |
| | ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 37 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ , വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 43 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |



അനുബന്ധപത്രികകൾ

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| വർഷം | 2017-18 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തീയ്യതി | 6(17) 29.03.2017 | 7/2018/10.01.2018 |
| മുന്നിരിപ്പ് | ₹70,00,000 | ₹1,07,49,346 |
| വരവ് | ₹11,38,79,600 | ₹8,35,03,384 |
| ആകെ | ₹12,08,79,600 | ₹9,42,52,730 |
| ചെലവ് | ₹11,83,79,600 | ₹8,30,74,749 |
| നീക്കിയിരിപ്പ് | ₹25,00,000 | ₹1,11,77,981 |

## 1-2 വാർഷീക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 31.7.2018 | 19.05.2018 | ഇല്ല | ഇല്ല |

## 1-3 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 09.07.2018 മുതൽ 11.07.2018 വരെ | കെ.എസ്.എ/കെ.എസ്.ഡി.3/531/2018, തീയ്യതി: 14-08-2018. |

പടന്ന ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1.ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ(Deposits Received) ഉൾപ്പെടുത്തിയ 2,85,600/-രൂപയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ(ഡെപ്പോസിറ്റ് രജിസ്റ്ററടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലെയിം ചെയ്യിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഇപ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റാതെ വർഷങ്ങളായി പഞ്ചായത്തിന് ലഭിച്ച ഡെപ്പോസിറ്റുകൾ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് റിസീവ്ഡ്-ൽ തന്നെയാണ് നിലനിർത്തിയിരിക്കുന്നത്.

2.ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-4, B-9-എന്നീ ബാധ്യത ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3.സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

## 1-4 സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | ₹1,63,61,729 |
| വരവ് | ₹5,14,66,133 |
| ആകെ | ₹6,78,27,862 |
| ചെലവ് | ₹5,65,84,940 |
| നീക്കിയിരിപ്പ് | ₹1,12,42,922 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം (ACR പ്രകാരം) | മുന്നിരിപ്പ്(₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് * (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 1,05,92,000 | 1,05,92,000 | 82,64,021 | 23,27,979 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 34,34,899 | 34,34,899 | 17,64,600 | 16,70,299 |
| വികസന ഫണ്ട് -ടി.എസ്.പി | 0 | - | - | - | - |
| മെയിന്റനൻസ്,റോഡ് | 0 | 61,13,000 | 61,13,000 | 59,27,528 | 1,85,472 |
| മെയിന്റനൻസ്,നോൺ-റോഡ് | 0 | 25,86,000 | 25,86,000 | 21,83,434 | 4,02,566 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 49,74,140 | 49,74,140 | 46,33,711 | 3,40,429 |
| കെ.എൽ.എസ്.ജി.ഡി.പി. | 0 | 6,60,229 | 6,60,229 | 6,60,229 | 0 |

(*വികസന ഫണ്ട് (പൊതുവിഭാഗം), വികസന ഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഗ്രാൻറ് ( റോഡ്), മെയിന്റനൻസ് ഗ്രാൻറ് (നോൺ റോഡ്),സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ലാപ്സായ തുക കണക്കാക്കുന്നതിന് വേണ്ടിയാണ് മേൽ ഇനങ്ങളിലെ നീക്കിയിരിപ്പ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് .മേൽ കണക്കുകൾ പ്രകാരം നീക്കിയിരിപ്പായി കാണിച്ച 49,26,745/-രൂപ (2327979+1670299+ 185472+ 402566+340429 =4926745) ഇതുപ്രകാരം ലാപ്സായിട്ടുണ്ട്.)

| | | | | | |
|---|---|---|---|---|---|
| സാക്ഷരത | 72,733 | 2,909 | 75,642 | 0 | 75,642 |
| ദുരിതാശ്വാസനിധി | 15,109 | 0 | 15,109 | 0 | 15,109 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി. എസ് | തൊഴിലാളികളുടെ കൂലി | _ | 2,21,89,930 | 2,21,89,930 | 2,21,89,930 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3,612 | 14,53,038 | 14,56,650 | 14,52,167 | 4,483 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | TSC | 0 | 0 | 0 | 0 | 0 |
| | SSA | 0 | 0 | 0 | 0 | 0 |
| | ICDS | 5,72,912 | 4,00,838 | 9,73,750 | 5,39,282 | 4,34,468 |
| | NPRPD | 16,20,000 | 0 | 16,20,000 | 6,70,000 | 9,50,000 |
| | PYCKA | 1,21,228 | 4,849 | 1,26,077 | 0 | 1,26,077 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ | വിമുക്തി ഫണ്ട് | 0 | 12,00 | 12,500 | 0 | 12,500 |
| | ശുചിത്വമിഷൻ ഫണ്ട് | 2,52,842 | 1,28,371 | 3,81,213 | 1,09,109 | 2,72,104 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ട്രഷറി) | ബ്ലോക്ക് പഞ്ചായത്ത് | 370701 | 2337500 | 2708201 | 1100423 | 1607778 |
| | ജില്ലാ പഞ്ചായത്ത് | 22,85,630 | 24,75,423 | 53,61,053 | 11,91,566 | 41,69,487 |
| ബി.ഫണ്ട് | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 2,40,000 | 2,40,000 | 2,40,000 | 0 |
| | നെൽകൃഷി-ഉല്പാദന ബോണസ് | 0 | 75,000 | 75,000 | 75,000 | 0 |
| | MGNREGA നൂറ് തൊഴിൽദിനം പൂർത്തീകരിച്ച വർക്കുള്ള ഇൻസെന്റീവ് | - | 1,19,000 | 1,19,000 | 1,19,000 | - |

| | | | | | | |
|---|---|---|---|---|---|---|
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 42,48,600 | 63,99,082 | 1,06,47,682 | 38,61,498 | 67,86,184 |
| | ട്രഷറി അക്കൗണ്ട് ജനറൽ പർപ്പസ്സ് ഗ്രാന്റ് ഉൾപ്പടെ | 80,59,764 | 79,68,682 | 1,60,28,446 | 1,57,51,987 | 2,76,459 |
| മറ്റിനം | അവാർഡുകളും ബഹുമതികളും | - | - | - | - | - |
| | ഗുണഭോക്തൃവിഹിതം | 10,520 | 4,34,200 | 4,44,720 | 3,85,000 | 59,720 |

## 1-6 പദ്ധതി അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം,നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനം നിർബന്ധമായും രൂപീകരിക്കേണ്ട ഒരു സമിതിയാണ് ആസൂത്രണ സമിതി.09.01.2017 – ലെ ജി.ഒ.(എം.എസ്)72/2017/ എൽ.എസ്.ജി.ഡി. ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.01.2017 ലെ 13/13 നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി അംഗങ്ങളെ ഭരണസമിതി ,നിശ്ചയിച്ച് അംഗീകരിച്ചിട്ടുണ്ട്.

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടും വികസനരേഖയും 19.05.2017 – ലെ 1/3നമ്പർ തീരുമാനപ്രകാരംഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

<u>സ്റ്റാൻഡിംഗ് കമ്മറ്റികൾ</u>

സ്റ്റാൻഡിംഗ് കമ്മറ്റികൾ അവരുടെ അധികാര പരിധിക്കകത്തു നിന്നു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നികുതി പിരിവും അതുപോലെ മറ്റ് റവന്യൂ വരവിനങ്ങളുമായും ബന്ധപ്പെട്ട് വിലയിരുത്തലുകൾ നടത്താറുണ്ട്. പദ്ധതി രൂപീകരണം,പദ്ധതി നിർവ്വഹണം, എന്നി വിഷയങ്ങളെക്കുറിച്ച് വികസന സ്റ്റാൻഡിങ്ങ്കമ്മിറ്റി ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്.ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റി, ഈ കമ്മിറ്റിയുടെ പരിധിയിൽ വരുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ട്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി, ആരോഗ്യ-വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്

വിവിധ സ്റ്റാൻഡിങ്ങ് കമ്മറ്റികൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ധനകാര്യം | 17 |
| 2 | വികസനം | 13 |
| 3 | ക്ഷേമകാര്യം | 13 |
| 4 | ആരോഗ്യം , വിദ്യാഭ്യാസം | 12 |

വർക്കിംഗ് ഗ്രൂപ്പുകൾ

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. അത്തരം വിലയിരുത്തലുകൾ വർക്കിങ്ങ് ഗ്രൂപ്പുകൾ നടത്തിയിട്ടുണ്ട്.പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതു സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ലഭ്യമല്ല.. തുടർന്ന് അങ്ങോട്ട് ഈ അപാകത പരിഹരിക്കേണ്ടതാണ്.

വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ | 3 |
| 2 | കൃഷിയും അനുബന്ധമേഖലകളും | 2 |
| 3 | മൃഗസംരക്ഷണവും, ക്ഷീര വികസനവും | 3 |
| 4 | ദാരിദ്ര്യ ലഘൂകരണം | 3 |
| 5 | പൊതുമരാമത്ത് | 3 |
| 6 | സാമൂഹ്യക്ഷേമം | 3 |
| 7 | പട്ടിക ജാതി വികസനം | 3 |
| 8 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 3 |
| 9 | ആരോഗ്യം | 3 |

| | | |
|---|---|---|
| 10 | കുടിവെള്ളം ശുചിത്വം | 3 |
| 11 | വിദ്യാഭ്യാസം സംസ്കാരം, കല കായിക യുവജനക്ഷേമം | 3 |
| 12 | ചെറുകിട വ്യവസായം | 3 |

മോണിറ്ററിംഗ്

പ്രോജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2017-18 വാർഷീക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ എസ് നം 72/2017 തസ്വ ഭ വ തീയതി 29/3/2017 & എം എസ് നം 10/2017 തസ്വ ഭ വ തീയതി 9/1/2017 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചവിധം പദ്ധതി ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതിയും ,വർക്കിംഗ് ഗ്രൂപ്പുകളും 18-01-2017ന് രൂപീകരിച്ചിട്ടുണ്ട് (പഞ്ചായത്ത് ഭരണ സമിതി തീരുമാനം13/17) തീയതി 18-1-2017)ആസൂത്രണ സമിതിയിൽ 13 അംഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട് -ഈ ആസൂത്രണസമിതി 2017-18 പദ്ധതിയുമായി ബന്ധപ്പെട്ട് 20.2.2017,22.3.2017,8.5.2017 എന്നീ തീയതികളിൽ യോഗങ്ങൾ ചേരുകയുണ്ടായി.

വികസനരേഖ തയ്യാറാക്കൽ

മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം വികസനരേഖ തയ്യാറാക്കിയിട്ടുണ്ട്.

പദ്ധതി ആസൂത്രണ ഗ്രാമസഭ

ഗ്രാമസഭ യോഗം ചേർന്ന് പദ്ധതി ആസൂത്രണപ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. പടന്ന ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 4/2017 മാസത്തിൽ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട ഗ്രാമസഭകളും 7/2017മാസത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഗ്രാമസഭകളും 2/2018മാസത്തിൽ പദ്ധതി അവലോകനവുമായി ബന്ധപ്പെട്ട ഗ്രാമസഭകളും ചേർന്നിട്ടുണ്ട്.

മത്സ്യ സഭ

മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത അവരുടെ പ്രശ്നങ്ങൾക്ക് പ്രൊജക്റ്റ് രൂപപെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മത്സ്യ സഭ ചേരണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ 2017-18 വർഷം ഈ മേഖലയിൽ പ്രൊജക്റ്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഈ പ്രൊജക്റ്റുമായി ബന്ധപ്പെട്ട് മത്സ്യ സഭ ചേർന്നതായി കാണുന്നില്ല.

ഭിന്നശേഷി വിഭാഗക്കാരുടെ യോഗം

ഭിന്നശേഷി വിഭാഗക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത അവരുടെ പ്രശ്നങ്ങൾക്ക് പ്രൊജക്റ്റ് രൂപപെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവരുടെ പ്രത്യക യോഗം ചേരണമെന്ന് പദ്ധതി മാർഗരേഖ പ്രകാരം വ്യവസ്ഥയുണ്ട്. ഇത് പ്രകാരംഭിന്നശേഷി വിഭാഗക്കാരുടെ യോഗം 12.5.2017 ചേർന്നിട്ടുണ്ട്..ഇതിൽ 49 പേർ പങ്കെടുക്കുകയുണ്ടായി

വികസന സെമിനാർ -

25-05-2017 ന് ഏക ദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട് ഇതിൽ 200 പേർ പങ്കെടുക്കുകയുണ്ടായി. വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സെമിനാറിൽ ഗ്രൂപ്പ് ചർച്ച നടത്തുകയുണ്ടായി.

വാർഷീക പദ്ധതി അംഗീകാരം -

2017-18 വാർഷീക പദ്ധതികൾ 15-05-2017ന് മുൻപ് അംഗീകാരം നേടി 1/4/2017 മുതൽ നിർവ്വഹണം ആരംഭിക്കണമെന്ന നിർദ്ദേശമുണ്ടങ്കിലും വാർഷീക പദ്ധതി അന്തിമമായി അംഗീകരിച്ചത് 29-.05.2017 നാണ് ( പഞ്ചായത്ത് ഭരണ സമിതി തീരുമാന നമ്പർ 1(1)/2017)- ജില്ലാ ആസൂത്രണ സമിതി 30.05.2017 തീയ്യതിയിൽ വാർഷീക പദ്ധതികൾക്ക് അംഗീകാരം നല്കിയിട്ടുണ്ട് . 26-03-2018ന് ജില്ലാ ആസൂത്രണ സമിതി പദ്ധതികൾക്ക് അന്തിമ അംഗീകാരം നൽകുകയുണ്ടായി.

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ വിവരം ചുവടെകൊടുക്കുന്നു

| | |
|---|---|
| ആകെപ്രോജക്ടുകൾ | 144 |
| പുതിയ പ്രോജക്ടുകൾ | 100 |
| സ്പിൽ ഓവർ പ്രോജക്ടുകൾ | 44 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | ₹3,612 | ₹14,53,038 | ₹14,56,650 | ₹14,52,167 | ₹4,483 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | ₹2,21,89,930 | ₹2,21,89,930 | ₹2,21,89,930 | 0 |
| ആകെ | ₹3,612 | ₹2,36,42,968 | ₹2,36,46,580 | ₹2,36,42,097 | ₹4,483 |

# 1-8 ക്ഷേമപദ്ധതികൾ

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2017-18 | തൊഴിൽ രഹിത വേതനം | 3,14,760 | 186 |
| | കർഷകതൊഴിലാളി പെൻഷൻ | 58,52,700 | 494 |
| | വിധവാ പെൻഷൻ | 1,25,86,400 | 1165 |
| | വാർദ്ധക്യകാല പെൻഷൻ | 1,35,04,300 | 1367 |
| | വികലാംഗ പെൻഷൻ | 37,18,800 | 373 |
| | അവിവാഹിത പെൻഷൻ | 1,35,200 | 15 |
| | വിവാഹ ധനസഹായം | 24,000 | 8 |

# 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-02-2019 തീയതിയിൽ 3.10 ന് സ്ഥാപനത്തിലെ ഉത്തരവാദ പ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി.ക്യാഷ് ബാലൻസായ 1,21,593 /- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

# 1-10 ആഭ്യന്തര നിയന്ത്രണം

(1)ആസ്തികളുടെ പരിപാലനം-പഞ്ചായത്തിൻെറ തനത് ആസ്തികൾ വാങ്ങുന്നതിൽ പ്രോക്യൂർമെൻെറ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും വാങ്ങലിൻെറ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരൻെറി, വാറൻെറി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ

ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്ക് സംബന്ധിച്ച് സ്റ്റാറ്റസ്റിപ്പോർട്ട് അപൂർണ്ണമാണ് . ആയതിൻെറ ആസ്തി രജിസ്റ്റർ ഇലട്രിക്ക് പോസ്റ്റുകൾക്ക് നമ്പറിങ് നടത്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ വാറൻെറിയുള്ള ലൈറ്റുകൾ ഫിറ്റ് ചെയ്താൽ അവ ഏതാണെന്ന് മനസ്സിലാക്കുന്നതിനും റിപ്പയർ നടത്താനും സംവിധനം ഇല്ല. നിലവിൽ ഇലട്രിസിറ്റി ചാർജ്ജ് ഇനത്തിൽ വൻ തുക നൽകിവരുന്നുണ്ട്. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിൻെറ അടിസ്ഥാനത്തിൽ ഇലട്രിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ കൃത്യത പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

(2)രജിസ്റ്ററുകളുടെ സൂക്ഷിപ്പ്- ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകുമ്പൻസി രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് ഓഫീസ് ഓർഡർ തയ്യാറാക്കിയത് പാലിക്കപ്പെടുന്നില്ല. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

(3)മേൽ നോട്ടം- ഭരണസമിതി തലത്തിലും, ജീവനക്കാരുടെ മേൽനോട്ടത്തിന് നിർദ്ധേശിക്കപ്പെട്ടവർ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല .ഉദാ- ഓരോദിവസ
ത്തേയും ഫയലുകളുടെ നീക്കങ്ങൾ പരിശോധിക്കാൻ പി.ആർ എഴുതി പ്രതിമാസം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ല. ദിവസവേതനക്കാരെ നിയമിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും കരാർ വെയ്ക്കേണ്ടതുമാണ്.

(4)ഫ്രണ്ട് ഓഫീസ് സംവിധാനം- പി.ആർ എഴുതി സൂക്കിക്കാത്തതിനാൽ സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ സാധിക്കുന്നില്ല . ദിവസവേതനക്കാരെ ഫ്രണ്ട് ഓഫീസിൽ നിയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്.ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്,

(5)പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ- പരാതി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നെണ്ടങ്കിലും ആയത് ആവശ്യക്കാർ ലഭ്യമാവുന്നതരത്തിൽ സൂക്ഷിക്കുന്നില്ല. കൃത്യമായ ഫയലിങ് സിസ്റ്റം ഇല്ലാത്തതിനാൽ ലഭ്യമായ പരാതികൾ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല

(6)ഓഫീസ് യോഗങ്ങൾ- നിശ്ചിത ഇടവേളകളിൽ ഓഫീസ് യോഗങ്ങൾ,സ്റ്റാൻെറിങ് കമമറ്റിയോഗങ്ങൾ എന്നിവചേരുന്നില്ല.ചേരുന്ന യോഗങ്ങളിൽ തീരുമാനങ്ങളുടെ സംക്ഷിപ്തം മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ് നടത്തേണ്ടതുമാണ് ,

(7)ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ – പഞ്ചായത്തിലെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ് സർചാർജ്ജ് നടപടികളുടെ തുടർ നടപടി, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ

സൂക്ഷിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളിന്മേലും തുടർനടപടി സ്വീകരിക്കുന്നില്ല.

മറ്റ് പ്രസക്തമായവ- പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാൻെറിങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പെടെയുള്ളവ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല, കൂടാതെ സർക്കാർ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരാവായിട്ടുള്ളതിനാൽ ആയതിൻെറ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുമില്ല.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 25.10.2010 മുതൽ 04.11.2010വരെ | 2005-06 മുതൽ 2009-2010 വരെ | 03.12.2010 |
| പെർഫോമെൻസ് ഓഡിറ്റ് | 08.02.2018 | 2017 ജൂലൈ മുതൽ 2018 ജനുവരി വരെ | 08.02.2018 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ.ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 5,000/- രൂപ (2 പ്രവർത്തികളുടെ) നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ.(എം.എസ്.) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ നാളിതുവരെയായും ടെണ്ടർ ഫോറം വില തിരികെ ഈടാക്കിയിട്ടില്ല. 2014-15, 2015-16, 2016-17 വർഷങ്ങളിലെ ടെണ്ടർ ഫോറം വിലയും തിരികെ ഈടാക്കിയിട്ടില്ല. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിനു ലഭിക്കേണ്ട തുക തിരികെ ഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 2017-18 ൽ പിരിച്ചെടുത്ത ലൈബ്രറിസെസ് നാളിതുവരെ അടവാക്കിയിട്ടില്ല

സർക്കുലർ നം.10088/എൽ3/05/തസ്വഭവ, തീ.20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2017-18 ൽ വസ്തുനികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറിസെസ് 1,94,278/- രൂപ നാളിതുവരെ ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടില്ല. ആയത് അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-3 കെട്ടിട നിർമാണ അപേക്ഷകളെ കുറിച്ചുള്ള വിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല

കെട്ടിട നിർമാണ അപേക്ഷയിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിനായി 16.12.2013 ലെ 73576/ആർ.എ1/2013 ത.സ്വ.ഭവ നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്തിൽ ലഭിക്കുന്ന കെട്ടിട നിർമാണ അപേക്ഷകളെ സംബന്ധിച്ചുള്ള വിവരം പഞ്ചായത്ത് വെബ്സൈറ്റിൽ നിശ്ചിത പ്രഫോർമയിൽ പ്രസിദ്ധീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയത് കർശനമായി പാലിക്കണമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ എ2-23277/2013 തിയതി 01.08.2017 നമ്പർ കത്ത് മുഖേന സെക്രട്ടറിയെ അറിയിച്ചതുമാണ്. എന്നാൽ കെട്ടിട നിർമാണ അപേക്ഷകളുടെ വിവരം ഓരോ മാസാവസനാവും തൻമാസ അപേക്ഷകളെ സംബന്ധിച്ച സംക്ഷിപ്ത വിവരം പഞ്ചായത്ത് വെബ്സൈറ്റിൽ (www.lsgkerala.in/veliancodepanchayat) പ്രസിദ്ധീകരിച്ചിട്ടില്ല. ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 രശീതി പരിശോധന- പൊതു അപാകതകൾ

1. ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല

a. നികുതി പിരിവിനായി 06.11.2017 ന് കൃഷി ഓഫീസർക്ക് നൽകിയ 44233 നം. രശീതി ബുക്കിലെ 02 മുതൽ 21 വരെയുള്ള താളുകൾ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കാതെയാണ് 2,500 രൂപ വീതം ഗുണഭോക്തൃ വിഹിതം സ്വീകരിച്ചിരിക്കുന്നത്. ആയതിനാൽ ഗുണഭോക്താവിന് നൽകിയ പകർപ്പിൽ എത്ര രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന കാര്യം ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. കൂടാതെ സാമ്പത്തിക വർഷം അവസാനിക്കുന്ന മുറയ്ക്ക് ഉപയോഗിക്കാതെ അവശേഷിക്കുന്ന താളുകൾ റദ്ദ് ചെയ്ത് വച്ചിട്ടുമില്ല(താൾ നം.22 മുതൽ 100 വരെ)

b. നികുതി പിരിവിനായി അനൂപ് എം വി, ക്ലർക്കിനു നൽകിയ 44243 നം. രശീതി ബുക്കിലെ 32 നം താൾ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കാതെയാണ് 1848 രൂപ കെട്ടിട നികുതി സ്വീകരിച്ചിരിക്കുന്നത്. ആയതിനാൽ നികുതി ദാതാവിന് നൽകിയ പകർപ്പിൽ എത്ര രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന കാര്യം ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

മേൽ പരാമർശിച്ച രശീതികളിൽ രേഖപ്പെടുത്തിയ തുക തന്നെയാണ് നികുതി ദാതാവിന് നൽകിയ പകർപ്പിലും രേഖപ്പെടുത്തിയിരിക്കുന്നത് എന്ന കാര്യം ഉറപ്പ് വരുത്തേണ്ടതാണ്.

2. നികുതി ദാതാവിന് രശീതിയുടെ പകർപ്പ് നൽകിയിട്ടില്ല

ഷൈനി എം വി, ക്ലർക്കിന് നികുതി പിരിവിനായി നൽകിയ 44244 നം. രശീതി ബുക്ക് പ്രകാരം പിരിച്ചെടുത്ത താഴെക്കൊടുത്തിരിക്കുന്ന താളുകളുടെ പകർപ്പ് നികുതി ദാതാവിന് നൽകാതെ രശീതി ബുക്കിൽ തന്നെ സൂക്ഷിച്ച് വച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

താൾനം.

43,47,48,49,51,52,53,54,55,56,57,58,59,61,62,63,64,65,66,67,68,69,70,74,75,76,77,78,79,80

മേൽ രശീതിയുടെ പകർപ്പ് നികുതി ദാതാവിന് നൽകാത്തതിനാൽ നികുതി ദാതാവിൽ നിന്നും യഥാർത്ഥത്തിൽ എത്ര തുകയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന കാര്യം ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. പ്രസ്തുത വിഷയത്തിൽ അപാകതകൾ ഒന്നും സംഭവിച്ചിട്ടില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്. ഭാവിയിൽ രശീതിയുടെ പകർപ്പ് നികുതി ദാതാവിന് നൽകി നികുതി പിരിവിന്റെ സുതാര്യത ഉറപ്പ് വരുത്തേണ്ടതാണ്.

## 2-5 തൊഴിൽ നികുതി - അപാകത

ചില സ്ഥാപന മേധാവികൾ ഹാജരാക്കുന്ന തൊഴിൽ നികുതി പത്രികയിൽ മുഴുവൻ വരുമാന വിവരങ്ങളും ഉൾപ്പെടുത്താത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പത്രികയിൽ യഥാർഥത്തിൽ ഉൾപ്പെടുത്തേണ്ടുന്നതായ ആർജിതാവധി സറണ്ടർ തുക, ബോണസ്, ഫെസ്റ്റിവൽ അലവൻസ്,ക്ഷാമബത്ത കുടിശ്ശിക,ശമ്പള പരിഷ്കരണ കുടിശ്ശികകൾ എന്നിവ ഉൾപ്പെടുത്തുന്നുമില്ല. ഇക്കാരണത്താൽ പഞ്ചായത്ത് ഫണ്ടിന് നികുതി നഷ്ടം ഉണ്ടാകുന്നുണ്ട്. ആയതിനാൽ ഭാവിയിൽ തൊഴിൽ നികുതി പത്രികകൾ സമർപ്പിക്കുമ്പോൾ ചട്ടപ്രകാരമുള്ള മാതൃകയിൽ മുഴുവൻ ശമ്പള ഇനങ്ങളും രേഖപ്പെടുത്തി സമർപ്പിക്കാൻ സ്ഥാപന മേധാവികൾക്ക്

നിർദേശം നൽകേണ്ടതാണ്.

## 2-6 D&O ലൈസൻസ് : ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ. (പി). നം.80/2017 /ത.സ്വ.ഭ.വ, എസ്.ആർ.ഒ. നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചും 2017 ലെ കേരള ഇൻവസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996 ലെ ഡി&ഒ ചട്ടങ്ങൾക്ക് ഭേദഗതി പുറപ്പെടുവിച്ചിട്ടുള്ളതിനാൽ Kerala Panchayath Raj(Issue of License to factories,Traders,Enterpreneurship activities and other services)Rules,1996എന്ന് ചട്ടത്തെ പുനർനാമകരണം ചെയ്തിട്ടുണ്ട്. ആയതു പ്രകാരം നിലവിൽ ചട്ടം 10 ലെ പട്ടിക 2 ലെ വിവിധ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കി പോരുന്ന ഫീസിനു പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി തരം തിരിച്ച് ഫീസ് ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ സെക്രട്ടറി തയ്യാറാക്കി നൽകിയ പുതിയ ഫീസ് നിരക്ക് പരിഗണിച്ച് ചർച്ച ചെയ്ത് ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്. ഇത്തരത്തിൽ അംഗീകാരം ലഭിച്ച നിരക്കുകൾ അനുസരിച്ചായിരിക്കണം 2018-19 വർഷത്തെ ലൈസൻസ് അപേക്ഷകളിൽ സെക്രട്ടറി ഫീസ് ഈടാക്കേണ്ടത്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പശു വളർത്തൽ പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജ്ജൻ

പ്രൊജക്ട് നമ്പർ - 75/18

പടന്ന ഗ്രാമപഞ്ചായത്തിലെ തൊഴിൽരഹിതരായവർക്ക് സ്വയംതൊഴിൽ എന്ന നിലയിൽ പശുവളർത്തലിൽ താല്പര്യമുള്ള ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. ഒരു ജനപ്രതിനിധി ചെയർമാനും, വെറ്റിനറി സർജ്ജൻ കൺവീനറും, ഗുണഭോക്താക്കളിൽ നിന്നുള്ളവർ അംഗങ്ങളുമായി പ്രത്യേക പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് ഗ്രാമപഞ്ചായത്തിന് പുറത്ത് നിന്ന് കറവപ്പശുക്കളെ വാങ്ങണം. ഇൻഷ്വറൻസ്, തൊഴുത്ത്, തീറ്റ എന്നിവയുടെ ചെലവ് ഗുണഭോക്താവ് സ്വയം വഹിക്കണം. 3 വർഷത്തേക്ക് വളർത്താം എന്ന വ്യവസ്ഥയിൽ ഗുണഭോക്താക്കളുമായി മുദ്രപത്രത്തിൽ കരാർ ഒപ്പിടണം. 50,000/- രൂപയാണ് യൂണിറ്റ് കോസ്റ്റ്, അതിൽ 25,000/- രൂപ സബ്സിഡി, 25,000/- രൂപ ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃവിഹിതമായി ഒടുക്കണം. ബില്ലിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./തിയ്യതി | തുക | ഗുണഭോക്തൃവിഹിതം ട്രഷറി ചെക്ക് നം. | തുക | ആകെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 01/17-18 /23.10.2017 | 50,000/- | 2011260/ 30.10.2017 | 50,000/- | 1,00,000/- |
| 2 | 05/17-18 /27.01.2018 | 25,000/- | 2011271/ 20.12.2017 | 25,000/- | 50,000/- |
| 3 | 07/17-18 /26.02.2018 | 25,000/- | 2011281/ 20.12.2017 | 25,000/- | 50,000/- |
| 4 | 12/17-18 /19.03.2018 | 25,000/- | 2011290/ 20.03.2018 | 25,000/- | 50,000/- |

ഈ പദ്ധതിക്കായി സബ്സിഡി നൽകിയ ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ കറവപ്പശു നൽകിയ വ്യക്തിക്ക് തുക നൽകിയതിന്റെ വിശദവിവരങ്ങൾ എന്നിവ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കറവപ്പശു നൽകിയ വ്യക്തിയുടെ പേര് | ബാങ്ക് അക്കൗണ്ട് നം. | തുക |
|---|---|---|---|---|
| 1 | കാർത്ത്യായനി.പി, ഉദിനൂർ | കുഞ്ഞിരാമൻ.കെ.വി, മീലിയാട്ട് | 67244133435-S.B.I. | 50,000/- |
| 2 | വി.കെ.റുഖിയ, ഓരിമുക്ക് | വി.കെ.സുലൈഖ, കൈതക്കാട് | 672202010006753,Union bank | 50,000/- |
| 3 | ജാനകി.കെ.വി, പടന്ന | യശോദ.എം.വി, തിമിരി | 0749101054818-Canara bank | 50,000/- |
| 4 | സരോജിനി.വി.എം, ഉദിനൂർ | പവിത്രൻ.പി.വി, കാരി | 208901011000699-Vijaya bank | 50,000/- |
| 5 | തമ്പായി.പി.വി, തെക്കേക്കാട് | കണ്ണൻ.സി.വി, വലിയപറമ്പ | 40433100000481-K.G.B. | 50,000/- |

ഈ പദ്ധതിക്കായി കറവപ്പശുക്കളെ വാങ്ങുന്നതിന് പ്രത്യേകപർച്ചേസ് കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദവിവരങ്ങൾ, മിനിട്സ് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ഗുണനിലവാരമുള്ള പശുക്കളെ തന്നെയാണോ വാങ്ങിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗുണഭോക്താക്കൾ മുദ്രപത്രം ഹാജരാക്കയിട്ടുണ്ടെങ്കിലും വ്യവസ്ഥകളൊന്നും എഴുതിയിട്ടില്ല. അതിനാൽ പശുക്കളെ ഗുണഭോക്താവ് കൈമാറിയാൽ നിയമപരമായി ഒന്നും ചെയ്യാൻ സാധിക്കില്ല. ഓഡിറ്റ് എൻക്വയറി നം.05/07.03.2019 ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ സബ്സിഡിയായി നൽകിയ ആകെ 1,25,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 ആട് വളർത്തൽ പദ്ധതി - പട്ടികജാതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

പ്രൊജക്ട് നമ്പർ - 80/18

പടന്ന ഗ്രാമപഞ്ചായത്തിലെ തൊഴിൽരഹിതരായ പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ചെറിയ മുതൽമുടക്കിൽ സ്വയംതൊഴിൽ എന്ന നിലയിൽ ആട് വളർത്തലിൽ താല്പര്യമുള്ളവർക്ക് 6 മാസം മുതൽ 8 മാസം വരെ പ്രായമുള്ള ആട്ടുകളെ വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. ഒരു ജനപ്രതിനിധി ചെയർമാനും, വെറ്ററിനറി സർജ്ജൻ കൺവീനറും, ഗുണഭോക്താക്കളിൽ നിന്നുള്ളവർ അംഗങ്ങളുമായി പ്രത്യേക പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് ഗ്രാമപഞ്ചായത്തിന് പുറത്ത് നിന്ന് ആട്ടുകളെ വാങ്ങണം. ഇൻഷ്വറൻസ്, തൊഴുത്ത്, തീറ്റ എന്നിവയുടെ ചെലവ് ഗുണഭോക്താവ് സ്വയം വഹിക്കണം. 15,000/- രൂപയാണ് യൂണിറ്റ് കോസ്റ്റ്, അതിൽ 10,000/- രൂപ സബ്സിഡി, 5,000/- രൂപ ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃവിഹിതമായി ഒടുക്കണം. 3വർഷത്തേക്ക് വളർത്താം എന്ന വ്യവസ്ഥയിൽ ഗുണഭോക്താക്കളുമായി കരാർ ഒപ്പിടണം. ഈ പദ്ധതിക്കായി തുക ചെലവഴിച്ചതിന്റെ ബില്ലിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./തിയ്യതി | തുക | ഗുണഭോക്തൃവിഹിതം ട്രഷറി ചെക്ക് നം. | തുക | ആകെ |
|---|---|---|---|---|---|
| 1 | 11/17-18 /19.03.2018 | ₹20,000/- | 2011291/19.03.2018 | ₹10,000/- | ₹30,000/- |
| 2 | 13/17-18 /26.03.2018 | ₹10,000/- | 6660356/ 23.03.2018 | ₹5,000/- | ₹15,000/- |

ഈ പദ്ധതിക്കായി സബ്സിഡി നൽകിയ ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ ആട്ടുകളെ നൽകിയ വ്യക്തിക്ക് തുക നൽകിയതിന്റെ വിശദവിവരങ്ങൾ എന്നിവ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കറവപ്പശു നൽകിയ വ്യക്തിയുടെ പേര് | ബാങ്ക് അക്കൗണ്ട് നം. | തുക |
|---|---|---|---|---|
| 1 | പി.നിർമ്മല, കാന്തിലോട്ട് | ലതിക.പി, കണിച്ചിറ | 40516100005354- K.G.B | ₹15,000/- |
| 2 | കെ.ശേഖരൻ, എടച്ചാക്കൈ | മുഹമ്മദ് സക്കറിയ, തൃക്കരിപ്പൂർ | 20241812849 S.B.I. | ₹15,000/- |
| 3 | സുശീല.സി, | രജനി.സി, | 0813101073068- Canara bank | ₹15,000/- |

| | | | | |
|---|---|---|---|---|
| | കാന്തിലോട്ട് | പയ്യന്നൂർ | | |

ഈ പദ്ധതിക്കായി ആട്ടുകളെ വാങ്ങുന്നതിന് പ്രത്യേകപർച്ചേസ് കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദവിവരങ്ങൾ, മിനിട്സ് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ഗുണനിലവാരമുള്ള ആട്ടുകളെ തന്നെയാണോ വാങ്ങിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആട്ടുകളെ ഇൻഷൂർ ചെയ്തതിന്റെ പോളിസി ഹാജരാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം ഇൻഷൂറൻസ് നിർബന്ധമായും ചെയ്യേണ്ടതാണ്. ഗുണഭോക്താക്കൾ മുദ്രപത്രം ഹാജരാക്കയിട്ടുണ്ടെങ്കിലും വ്യവസ്ഥകളൊന്നും എഴുതിയിട്ടില്ല. അതിനാൽ ആട്ടുകളെ ഗുണഭോക്താവ് കൈമാറിയാൽ നിയമപരമായി ഒന്നും ചെയ്യാൻ സാധിക്കില്ല. ഓഡിറ്റ് എൻക്വയറി നം.06/07.3.2019 ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ സബ്സിഡിയായി നൽകിയ ആകെ 30,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ ജനറൽ വിഭാഗത്തിൽ ഈ പദ്ധതി നടപ്പിലാക്കിയപ്പോൾ യൂണിറ്റ് കോസ്റ്റ് 10000/- രൂപയാണ്, ഇവിടെ 15000/- രൂപയാണ് യൂണിറ്റ് കോസ്റ്റ്. ഒരേ തരത്തിലുള്ള പദ്ധതിക്ക് രണ്ട് തരം കോസ്റ്റ് ഗ്രാമപഞ്ചായത്ത് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-3 ആട് വളർത്തൽ പദ്ധതി - ജനറൽ - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജ്ജൻ

പ്രൊജക്ട് നമ്പർ - 80/18

പടന്ന ഗ്രാമപഞ്ചായത്തിലെ തൊഴിൽരഹിതരായ ഗുണഭോക്താക്കൾക്ക് ചെറിയ മുതൽമുടക്കിൽ സ്വയംതൊഴിൽ എന്ന നിലയിൽ ആട് വളർത്തലിൽ താല്പര്യമുള്ളവർക്ക് 6 മാസം മുതൽ 8മാസം വരെ പ്രായമുള്ള ആട്ടുകളെ വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. ഒരു ജനപ്രതിനിധി ചെയർമാനും, വെറ്റിനറി സർജ്ജൻ കൺവീനറും, ഗുണഭോക്താക്കളിൽ നിന്നുള്ളവർ അംഗങ്ങളുമായി പ്രത്യേക പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് ഗ്രാമപഞ്ചായത്തിന് പുറത്ത് നിന്ന് ആട്ടുകളെ വാങ്ങണം. ഇൻഷൂറൻസ്, തൊഴുത്ത്, തീറ്റ എന്നിവയുടെ ചെലവ് ഗുണഭോക്താവ് സ്വയം വഹിക്കണം. 10000/- രൂപയാണ് യൂണിറ്റ് കോസ്റ്റ്, അതിൽ 5000/- രൂപ സബ്സിഡി, 5000/- രൂപ ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃവിഹിതമായി ഒടുക്കണം. 3വർഷത്തേക്ക് വളർത്താം എന്ന വ്യവസ്ഥയിൽ ഗുണഭോക്താക്കളുമായി കരാർ ഒപ്പിടണം. ബില്ലിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./തിയ്യതി | തുക | ഗുണഭോക്തൃവിഹിതം ട്രഷറി ചെക്ക് നം. | തുക | ആകെ |
|---|---|---|---|---|---|
| 1 | 02/17-18 /26.10.17 | 25000/- | 2011261/ 30.10.17 | 25000/- | 50000/- |

| | | | | | |
|---|---|---|---|---|---|
| 2 | 04/17-18 /30.10.17 | 5000/- | 2011268/ 25.11.17 | 5000/- | 10000/- |
| 3 | 03/17-18 /30.11.17 | 25000/- | 2011267/ 25.11.17 | 25000/- | 50000/- |
| 4 | 10/17-18 /26.2.18 | 5000/- | 2011288/\ 2.3.18 | 5000/- | 10000/- |
| | ആകെ | 60,000/- | | 60,000/- | 1,20,000/- |

ഈ പദ്ധതിക്കായി സബ്സിഡി നൽകിയ ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ ആടുകളെ നൽകിയ വ്യക്തിക്ക് തുക നൽകിയതിന്റെ വിശദവിവരങ്ങൾ എന്നിവ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കറവപ്പശു നൽകിയ വ്യക്തിയുടെ പേര് | ബാങ്ക് അക്കൗണ്ട് നം. | തുക |
|---|---|---|---|---|
| 1 | ലക്ഷ്മി.കെ ഉദിനൂർ | മാധവൻ.സി, തൃക്കരിപ്പൂർ | 67188872538 SBI | 10000/- |
| 2 | സി.നാരായണി ഓരി | സിന്ധു.ഒ.കെ മാവിലാകടപ്പുറം | 433100004160-KGB | 10000/- |
| 3 | രാധ.ഇ കാന്തിലോട്ട് | മഹേഷ്.എ പിലിക്കോട് | 42382200055520-Synd.bank | 10000/- |
| 4 | രേഖകൾ ലഭ്യമല്ല | ജമീല.സി.എച്ച് | 206901011000230-Vij.bank | 10000/- |
| 5 | ആലിയുമ്മ.ടി.കെ എടച്ചാക്കൈ | മുഹമ്മദ് ഷംസീർ പെരുമ്പ | 20268661296 SBI | 10000/- |
| 6 | അർഷാദ്.പി.കെ തെക്കേക്കാട് | കുഞ്ഞബ്ദുള്ള.VKZ തൃക്കരിപ്പൂർ | 19530100001226-Fed.bank | 10000/- |
| 7 | ജാനകി.കെ ഓരി | മാധവി.യു.വി മാണിയാട്ട് | 42382200055587-Synd.bank | 10000/- |
| 8 | എ.വി.സൗമിനി ഓരി | സതി.കെ ചെറുവത്തൂർ | 40436100004651-KGB | 10000/- |
| 9 | ജമീല.ഒ.കെ | റീന.പി | 672202010003648- | 10000/- |

| | | | | |
|---|---|---|---|---|
| | ഗണേഷ് മുക്ക് | പിലിക്കോട് | Union bank | |
| 10 | മധു.കെ.വി<br>തെക്കേക്കാട് | കുലേരി ബാബു<br>ബീച്ചാരക്കടവ് | 40433100003010-KGB | 10000/- |
| 11 | മാധവി.പി.പി<br>ഉദിനൂർ | അമ്പുക്കുഞ്ഞി.കെ<br>മാണിയാട്ട് | 4014100002407-KGB | 10000/- |
| 12 | കുമ്പ അപ്യാൽ<br>ഓരി | പി.വി.സരോജിനി<br>ബീച്ചാരക്കടവ് | 40433100003526-KGB | 10000/- |

ഈ പദ്ധതിക്കായി ആട്ടുകളെ വാങ്ങുന്നതിന് പ്രത്യേകപർച്ചേസ് കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദവിവരങ്ങൾ, മിനിട്സ് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കൾ മുദ്രപത്രം ഹാജരാക്കയിട്ടുണ്ടെങ്കിലും വ്യവസ്ഥകളൊന്നും എഴുതിയിട്ടില്ല. ക്രമ നമ്പർ (4) പ്രകാരം ജമീല.സി.എച്ച് എന്നവരിൽ നിന്നും ആടിനെ വാങ്ങിയതിന് തുക നൽകിയിട്ടുണ്ട്. വാങ്ങിയ ഗുണഭോക്താവ് ആരെന്ന് വ്യക്തമല്ല, കാരണം ഈ ഗുണഭോക്താവിനെ സംബന്ധിക്കുന്ന യാതൊരു വിവരവും ഹാജരാക്കിയിട്ടില്ല. അംഗീകൃത ഗുണഭോക്തൃ പട്ടിക ഈ ഗുണഭോക്താവിനെ സംബന്ധിക്കുന്ന അപേക്ഷയും അനുബന്ധ രേഖകളും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.07/07.3.2019 ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ സബ്സിഡിയായി നൽകിയ ആകെ 60,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 പട്ടികജാതി കോളനിയിൽ സ്ട്രീറ്റ് ലൈറ്റ് പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്റ്റ് നം. 110/18

ബിൽ നം.05/17-18/12.01.2018 – 99,200/- രൂപ

പടന്ന ഗ്രാമപഞ്ചായത്തിലെ വിവിധ പട്ടികജാതി കോളനികളിൽ LED തെരുവ് വിളക്ക് സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. ഭരണസമിതി തീരുമാനം നം.1(5)/03.10.2017 പ്രകാരം LED തെരുവ് വിളക്കുകൾ KREWS കിൻഫ്ര പാർക്ക്, കാസറഗോഡിൽ നിന്നും നേരിട്ട് വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. കത്ത് നം.AS-3/17/dt.04.11.2017 പ്രകാരം KREWS ന് വർക്ക് ഓർഡർ നൽകുകയും ഇൻവോയ്സ് നം.KREWS/GST/40/2017-18/dt.02.12.2017 പ്രകാരം ആകെ 31 LED തെരുവ് വിളക്കുകൾ വിതരണം ചെയ്യുകയും ചെയ്തു. ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെ ആകെ 99,200/- രൂപ KREWS ന് ഓൺലൈനായി അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. (അക്കൗണ്ട് നം.67256868977,S.B.I,Ksd). ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെ തുക നൽകിയതിനാൽ LED തെരുവ് വിളക്കുകൾ സ്ഥാപിക്കാനുള്ള ഉത്തരവാദിത്വം KREWS നാണ്. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ മേൽനോട്ടത്തിലായിരിക്കണം ഇവ

സ്ഥാപിക്കേണ്ടത്.

ഈ തെരുവ് വിളക്കുകൾ എവിടെയൊക്കെ, ഏതൊക്കെ പോസ്റ്റുകളിൽ സ്ഥാപിച്ചു, സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ മേൽനോട്ടം ഉണ്ടായിരുന്നുവോ, മേൽനോട്ടത്തിന് തുക നൽകിയത് എന്നിവ സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.10/07.03.2019 ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 08.03.2019 ന് മറുപടി നൽകിയിട്ടുണ്ട്. തെരുവ് വിളക്കുകൾ എവിടെയൊക്കെ, ഏതൊക്കെ പോസ്റ്റുകളിൽ സ്ഥാപിച്ചു എന്നത് സംബന്ധമായ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കുന്നതാണ്, വൈദ്യുതി ബോർഡിന്റെ 2016-17വർഷം സ്ട്രീറ്റ് ലൈൻ വലിക്കൽ എന്ന പദ്ധതിക്ക് തുക നൽകുമ്പോൾ മേൽനോട്ടത്തിന് കൂടി തുക നൽകിയിട്ടുണ്ട് അതിനാൽ 2017-18 വർഷത്തിൽ ഈ പദ്ധതിക്ക് പ്രത്യേക തുക നൽകിയിട്ടില്ല എന്നാണ് മറുപടി നൽകിയിരിക്കുന്നത്, ഈ മറുപടി തൃപ്തികരമല്ല, കാരണം ഇതിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 99,200/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം. 61/18 , ബിൽ നം.18/17-18/12.01.2018 – 4,09,600/- രൂപ

പടന്ന ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ LED തെരുവ് വിളക്ക് സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. ഭരണസമിതി തീരുമാനം നം.1(4)/03.10.2017 പ്രകാരം LED തെരുവ് വിളക്കുകൾ KREWS കിൻഫ്ര പാർക്ക് കാസറഗോഡിൽ നിന്നും നേരിട്ട് വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. കത്ത് നം.B1-07/17/dt.19.10.2017 പ്രകാരം KREWS ന് വർക്ക് ഓർഡർ നൽകുകയും ഇൻവോയ്സ് നം.KREWS/GST/39/2017-18/dt.02.12.2017 പ്രകാരം ആകെ 128 LED തെരുവ് വിളക്കുകൾ വിതരണം ചെയ്യുകയും ചെയ്തു. ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെ ആകെ 4,09,600/- രൂപ KREWS ന് ഓൺലൈനായി അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി.(അക്കൗണ്ട് നം.6725686897 7,S.B.I,Ksd). ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെ തുക നൽകിയതിനാൽ LED തെരുവ് വിളക്കുകൾ സ്ഥാപിക്കാനുള്ള ഉത്തരവാദിത്വം KREWS നാണ്. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ മേൽനോട്ടത്തിലായിരിക്കണം ഇവ സ്ഥാപിക്കേണ്ടത്. ഇതിനായി പടന്ന, തൃക്കരിപ്പൂർ എന്നിവിടങ്ങളിലെ വൈദ്യുതി ബോർഡിന്റെ ഓഫീസുകളിലേക്ക് കത്ത് അയച്ചിട്ടുണ്ട്.

ഈ തെരുവ് വിളക്കുകൾ എവിടെയൊക്കെ, ഏതൊക്കെ പോസ്റ്റുകളിൽ സ്ഥാപിച്ചു, സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ മേൽനോട്ടം ഉണ്ടായിരുന്നുവോ, മേൽനോട്ടത്തിന് തുക നൽകിയത് എന്നിവ സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.11/07.03.2019 ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 08.03.2019 ന് മറുപടി നൽകിയിട്ടുണ്ട്. തെരുവ് വിളക്കുകൾ എവിടെയൊക്കെ, ഏതൊക്കെ പോസ്റ്റുകളിൽ സ്ഥാപിച്ചു എന്നത് സംബന്ധമായ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കുന്നതാണ്, വൈദ്യുതി ബോർഡിന്റെ 2016-17വർഷം സ്ട്രീറ്റ് ലൈൻ വലിക്കൽ എന്ന പദ്ധതിക്ക് തുക നൽകുമ്പോൾ മേൽനോട്ടത്തിന് കൂടി തുക നൽകിയിട്ടുണ്ട് അതിനാൽ 2017-18 വർഷത്തിൽ ഈ പദ്ധതിക്ക് പ്രത്യേക തുക നൽകിയിട്ടില്ല എന്നാണ് മറുപടി

നൽകിയിരിക്കുന്നത്, ഈ മറുപടി തൃപ്തികരമല്ല, കാരണം ഇതിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 4,09,600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നമ്പർ - 64/18

ബിൽ നം.28/17-18/23.03.18 – 4,41,200/- രൂപ

പടന്ന ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ 9 മീറ്റർ ഉയരമുള്ള 60വാട്ട് പ്രകാശമുള്ള 4 ലൈറ്റുകൾ ചേർന്ന 4 ഓട്ടോമാറ്റിക്ക് മിനി മാസ്റ്റ് ലൈറ്റ് സെറ്റ് സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. 29.11.2017 ലെ ഭരണസമിതി തീരുമാനം നം.1/17 പ്രകാരം സർക്കാർ അംഗീകൃത സ്ഥാപനമായ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ആകെ 4 മിനി മാസ്റ്റ് ലൈറ്റുകളാണ് സ്ഥാപിക്കുന്നത്. ഇതിനായി ഈ സ്ഥാപനത്തിന് കത്ത് നം.ബി.1-7/17, തിയ്യതി 30.12.2017 പ്രകാരം വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇൻവോയ്സ് നം.CD/17-18/R/26/Dt.17.03.2018 പ്രകാരം 4 ലൈറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. കത്ത് നം.Silk/45/CO/QSF/CD/2017-18/1876/Dt.19.03.2018 പ്രകാരം മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ച് പ്രവർത്തി പൂർത്തീകരിച്ചതായി സ്ഥാപനം അറിയിച്ചിട്ടുണ്ട്. മേൽ ബില്ല് പ്രകാരം ആകെ 4,41,200/- രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈനായി കൈമാറി. അക്കൗണ്ട് നം.117511011000637, ആന്ധ്രാ ബാങ്ക്. ഗ്രാമപഞ്ചായത്തിലെ ഓരിമുക്ക്, പടന്ന തെക്കേപ്പുറം, എടച്ചാക്കൈ സ്കൂൾ, കിനാത്തിൽ എന്നിവിടങ്ങളിലാണ് ഇവ സ്ഥാപിച്ചിരിക്കുന്നത്. 3 വർഷം വാറണ്ടി ഉണ്ട്. ഈ 4 പ്രദേശങ്ങളുടെയും സ്ഥാപിച്ച മിനി മാസ്റ്റ് ലൈറ്റുകളുടെ നിലവിലെ സ്ഥിതി ഓഡിറ്റ് ടീം പരിശോധന നടത്തിയപ്പോൾ എടച്ചാക്കൈയ്യിൽ സ്ഥാപിച്ച് ലൈറ്റിന്റെ ടൈമർ പ്രവർത്തിക്കുന്നില്ല. നിലവിൽ അതിന്റെ ഫ്യൂസ് സംവിധാനം ഉപയോഗിച്ചാണ് നാട്ടുകാർ പ്രകാശിപ്പിക്കുന്നതും കെടുത്തുന്നതും, അത് പോലെ അതിന്റെ സ്വിച്ച് ബോക്സിന് കവർ ഇല്ല. അത് പോലെ കിനാത്തിൽ സ്ഥാപിച്ച ലൈറ്റിലെ 4 എണ്ണവും തകരാറായതിനാൽ തിരികെ കൊണ്ടു പോവുകയും തൽക്കാലത്തേക്ക് 2 എണ്ണം മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്. പടന്ന തെക്കേപ്പുറത്ത് സ്ഥാപിച്ചത് ഇടക്കിടെ മാത്രമെ പ്രകാശിക്കുന്നുള്ളൂ എന്നാണ് പരിസരവാസികൾ അറിയിച്ചത്. 19.03.2018 ൽ ഇവ സ്ഥാപിച്ചു എന്ന് അറിയിച്ച് കത്ത് നൽകിയിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ ഇവ സ്ഥാപിച്ചിട്ട് 6 മാസത്തോളമെ ആയിട്ടുള്ളൂ എന്നാണ് പരിസരവാസികൾ അറിയിച്ചത്. കൃത്യമായി മോണിറ്ററിംഗ് നടത്താതെയാണ് തുക നൽകിയത് എന്നാണ് ഇതിൽ നിന്നും വ്യക്തമാവുന്നത്. കാരാർ അനുസരിച്ച് സ്ഥാപിച്ച ലൈറ്റുകളുടെ തകരാർ കൃത്യമായി പരിഹരിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.15/08.03.2019 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടുണ്ട്. എടച്ചാക്കൈയ്യിൽ സ്ഥാപിച്ചത് സാമൂഹ്യദ്രോഹികൾ നശിപ്പിച്ചതാണെന്നും, അതിന് കേസ് നിലവിലുണ്ടെന്നും, പടന്ന തെക്കേപ്പുറം വോൾട്ടേജ് വ്യതിയാനം മൂലം കട്ടാകുന്നതാണെന്നും ഉടൻ ഓൺ ചെയ്താൽ ശരിയാവുമെന്നും, കിനാത്തിൽ സ്ഥാപിച്ചത് തകരാർ അറിയിച്ച ഉടൻ പരിഹരിച്ചു എന്നുമാണ് മറുപടിയിൽ

പറഞ്ഞിരിക്കുന്നത്.എടച്ചാക്കൈ, കിനാത്തിൽ എന്നിവിടങ്ങളിൽ തകരാർ നിലനിൽക്കുന്നുണ്ട്. അതിനാൽ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് തകരാർ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല.

06.08.2012 ലെ സ.ഉ.(കൈ) നം. 212/2012/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സെക്രട്ടറിയുടെ മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസിയർ ആണ് ആസ്തി രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് ആവശ്യമുള്ളപക്ഷം യോഗ്യരായവരെ ദിവസ വേതന അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കാവുന്നതാണെന്ന് ജി.ഒ. (ആർ.ടി.) 59/2012/ ത.സ്വ.ഭ.വ./ 06.01.2012 ൽ സൂചിപ്പിക്കുന്നു. എഞ്ചിനീയർമാരും ഓവർസിയർമാരും, ആവശ്യമെങ്കിൽ മറ്റെല്ലാ പ്രവർത്തനങ്ങളും മാറ്റിവെച്ച് മറ്റ് ഉദ്യോഗസ്ഥരുടെയും മെമ്പർമാരുടെയും സഹായത്തോടുകൂടി 31.03.2013 വരെ ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച മുഴുവൻ ആസ്തികളുടെയും വിവരങ്ങൾ സചിത്ര സോഫ്റ്റ് വെയർ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തി പൂർണ്ണമാക്കേണ്ടതാണെന്ന് 18.07.2013 ലെ സ.ഉ.(കൈ)നം.255/2013/ത.സ്വ.ഭ.വ. ലും നിർദ്ദേശിക്കുന്നുണ്ട്. ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിൽ 2011 വർഷം വരെയുള്ള വിശദാംശങ്ങൾ രേഖപ്പടുത്തിയിട്ടുണ്ട്. എന്നാൽ മിക്ക ആസ്തികളും ആർജ്ജിച്ച വർഷം രജിസ്റ്ററിൽ എഴുതിച്ചേർത്തില്ല.

വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ ഒരു യോഗത്തിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങളോ തീരുമാനങ്ങളോ ഉണ്ടായില്ല. ആസ്തി രജിസ്റ്ററിൽ ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടാത്ത പക്ഷം അതിർത്തിത്തർക്ക വ്യവഹാരത്തിന്മേൽ നിയമപരമായ പ്രയാസങ്ങൾ പഞ്ചായത്തിന് നേരിടേണ്ടതായി വരും. നിർമ്മാണം പൂർത്തിയാകുന്ന ആസ്തികൾ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ആസ്തികളും രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-8 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകൾ- അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകളിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1)റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ

പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

<u>2)ടെണ്ടർ നടപടി ക്രമങ്ങൾ; മത്സര സ്വഭാവം നിലനിർത്തുന്നതിന് പര്യാപ്തമല്ല.</u>

2017-18 വർഷത്തിൽ ടെണ്ടർ മുഖേന നിർവ്വഹിച്ച പൊതുമരാമത്ത് പ്രവൃത്തികളിലെല്ലാം രണ്ടു പേർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചു കാണുന്നത്. (ഇ-ടെണ്ടർ ഒഴികെ). ടെണ്ടർ സമർപ്പിച്ചതിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിന് മുകളിലും രണ്ടാമൻ എസ്റ്റിമേറ്റ് നിരക്കുമാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. പ്രവൃത്തികളെല്ലാം എസ്റ്റിമേറ്റ് നിരക്കിലാണ് നിർവ്വഹിച്ചിട്ടുള്ളത്. ഈ വിവരങ്ങളിൽ നിന്നും ഗ്രാമ പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടർ നടപടി ക്രമങ്ങൾ മത്സര സ്വഭാവം നിലനിർത്തുന്നതിന് പര്യാപ്തമല്ലെന്ന് വ്യക്തമാവുന്നു. ടെണ്ടർ നടപടികളിൽ കൂടുതൽ പേരെ പങ്കെടുപ്പിക്കാനും അത് വഴി പദ്ധതി നിർവ്വഹണത്തിൽ സുതാര്യത ഉറപ്പ് വരുത്താനും ശ്രദ്ധിക്കേണ്ടതാണ്.

<u>3)പ്രവൃത്തി പൂർത്തീകരണ കാലയളവ് വ്യക്തമാക്കാതെ കരാർ ചമച്ചു.</u>

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മിക്ക മരാമത്ത് പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഈടാക്കേണ്ട പിഴ സംബന്ധിച്ച് പുതുക്കിയ PWD മാന്വൽ പ്രകാരമുള്ള നിബന്ധനകളും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

<u>4)മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നില്ല</u>

പതിമൂന്നാം പഞ്ചവത്സരപദ്ധതി ജി.ഒ.(എം.എസ്.)72/2017 ത.സ്വ.ഭ.വ. തി: 29-03-2017 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുമാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. കൂടാതെ പ്രോജക്ട് നിർവ്വഹണം പൂർത്തിയായാൽ ഒരു പൂർത്തീകരണപത്രം നിർവ്വഹണഉദ്യോഗസ്ഥനും തയ്യാറാക്കണം. പ്രോജക്ടിന്റെ ഭൗതിക നേട്ടങ്ങൾ, കൈവരിച്ച നേട്ടങ്ങൾ എന്നിവ പൂർത്തീകരണപത്രത്തിൽ ഉൾപ്പെടുത്തണം. എന്നാൽ മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച് ഇത്തരത്തിലുള്ള മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ആയതു ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 <u>സർവ്വീസ് ടാക്സ് ഇനത്തിൽ ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക ഗ്രാമ പഞ്ചായത്ത് തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു</u>

2017-18 വർഷം പേമെന്റ് നടത്തിയ ചില പ്രവൃത്തികളുടെ ബിൽ തുകയ്ക്കൊപ്പം സർവീസ് ടാക്സ് തുക കൂടി ട്രഷറിയിൽ നിന്നും പിൻവലിച്ചതായും ഈ തുകകൾ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായും കാണുന്നു. നാളിതു വരെ ഈ തുകകൾ ക്രമീകരിച്ചിട്ടില്ല. 05.07.2017 ലെ ജി.ഒ(പി)നം.87/2017 ലാണ് സർവീസ് ടാക്സ് സംബന്ധിച്ച് സർക്കാർ നിർദേശങ്ങൾ നൽകിയിട്ടുള്ളത്. ഈ നിർദേശങ്ങൾ പ്രകാരം കരാറുകാർ സർവീസ് ടാക്സ് അടക്കേണ്ടതും അതിന്റെ റിട്ടേൺസും മറ്റു രേഖകളും ഹാജരാക്കുന്ന മുറയ്ക്ക് ഈ തുക എഞ്ചിനീയർമാർ കരാറുകാർക്ക് റീഇമ്പേഴ്സ് ചെയ്തു കൊടുക്കേണ്ടതുമാണ്. എന്നാൽ ഈ നടപടികൾ കൈക്കൊള്ളാതെ സർവീസ് ടാക്സ് ഇനത്തിൽ പിൻവലിച്ചതും ബില്ലുകളിൽ നിന്ന് കുറവ് ചെയ്തതായതുമായ തുക പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. തുകകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം | പ്രവർത്തിയുടെ പേര് | ബിൽ നം, തിയതി, ചെലവ് തുക | സർവീസ് ടാക്സ് ഇനത്തിൽ കുറവ് ചെയ്തു/പിൻവലിച്ച തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 30/ 2017-18 | ലൈബ്രറി കെട്ടിടം നവീകരണം. ഉദിനൂർ | 10/19.7.2017 മെയിന്റനന്സ് (ഫണ്ട്-റോഡിതരം)= ₹2,00,000<br>തനത് ഫണ്ട് (ചെക്ക് നമ്പർ1879846 / 21.2.2018 =₹32,079<br>ആകെ ചെലവ് തുക =₹2,32,079രൂപ | 22,053 രൂപ | സർവീസ് ടാക്സ് തനത് ഫണ്ടിൽ നിന്ന് കുറവ് ചെയ്തു പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. |
| 2 | 38/ 2017-18 | പടന്ന ഗ്രാമ പഞ്ചായത്ത് കെട്ടിടം -അഡീഷണൽ ബിൽഡിങ്ങ് നിർമ്മാണ | 28/23.10.2017 =₹9,81,526 (ലോകബാങ്ക് ധന സഹായം) (ഫൈനൽ ബിൽ) | ₹1,17,755രൂപ | സർവീസ് ടാക്സ് ട്രഷറി ബില്ലിൽ നിന്ന് കുറവ് ചെയ്തു പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. |
| 3 | 28/ 2017-18 | PHC ഓരി സബ്സെന്റർ നവീകരണം | 31/12.1.2018 മെയിന്റനന്സ് (ഫണ്ട്-റോഡിതരം)= 49,550രൂപ | ₹4,734 | സർവീസ് ടാക്സ് ട്രഷറി ബില്ലിൽ നിന്ന് കുറവ് ചെയ്തു പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 4 | 36/ 2017-18 | ഇലക്ട്രി ഫിക്കേഷൻ പടന്ന മാർക്കറ്റ്- പുതിയ കെട്ടിടം | 5/19.7.2017ധനകാര്യ കമ്മീഷൻഗ്രാന്റ്= 48,226രൂപ | ₹2,732 | സർവീസ് ടാക്സ് ട്രഷറി ബില്ലിൽ നിന്ന് കുറവ് ചെയ്ത് പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു |
| | | | ആകെ | ₹1,47,274 | |

മേൽ തുകകളിൽ എന്തെങ്കിലും ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ടോ എന്നുള്ള വിവരം അറിയിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3, തിയതി 02.03.2019) സെക്രട്ടറിയോ എഞ്ചിനീയറോ മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ, സർവീസ് ടാക്സ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുകയിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള ക്രമീകരണം നടത്തേണ്ടതും ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതുമാണ്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സാധ്യമാവാത്ത പക്ഷം തുകകൾ നേരിട്ട് ഒടുക്കുന്നതിനുള്ള സാധ്യതകൾ ആരായേണ്ടതും അതും സാധ്യമാവാത്ത പക്ഷം തുക അടിയന്തിരമായി സർക്കാരിന്റെ സഞ്ചിത നിധിയിൽ ഒടുക്കേണ്ടതുമാണ്.

## 3-10 ദേശീയതൊഴിലുറപ്പുപദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താതെ തൊഴിൽ രഹിത വേതനം തുടരുന്നു.

പടന്ന ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിൽ തൊഴിൽരഹിത വേതനം കൈപ്പറ്റുന്നവരുടെ വിവരം പരിശോധന നടത്തി. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, ഉപവകുപ്പ് 1, പട്ടിക 3, സി XV പ്രകാരം പഞ്ചായത്ത് പരിധിയിലെ ദരിദ്രരെ കണ്ടെത്തി സ്വയം തൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖലാപരമായ ചുമതലയാണ്. മേൽ നിയമത്തിലെ ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പാക്കുവാൻ സഹായിക്കും വിധത്തിലാണ് കേന്ദ്ര സർക്കാർ 2005 മുതൽ രാജ്യത്തെ ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അസംഘടിത അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകാനുള്ള ബാദ്ധ്യത സർക്കാർ സ്വയം ഏറ്റെടുത്ത് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നതും, 18 വയസ്സ് തികഞ്ഞ കായികാധ്വാനം ചെയ്യാൻ തയ്യാറുള്ള ആർക്കും തൊഴിലിനായി രജിസ്റ്റർ ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയിലൂടെ അസംഘടിത, അവിദഗ്ധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പും നൽകുന്നുമുണ്ട് (നിലവിൽ പ്രതിദിനം 258/- രൂപ). ഇതു വഴി ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ തൊഴിൽ രഹിതർക്കും, അവിദഗദ്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ സാധിക്കും. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഒരു വിഭാഗം തൊഴിൽ രഹിതരായ യുവതീ/യുവാക്കൾ പഞ്ചായത്തിൽ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയോ, തൊഴിലിനായി അപേക്ഷിക്കുകയോ ചെയ്യാതെ കേരള സർക്കാരിന്റെ തൊഴിൽ രഹിത വേതന പദ്ധതി പ്രകാരം

പ്രതിമാസം 120/- രൂപ നിരക്കിൽ വേതനം കൈപ്പറ്റുകയാണ് ചെയ്യുന്നത്.

13.12.2009 ലെ (പി)169/2009/തൊഴിൽ നമ്പർ ഉത്തരവിലൂടെ (1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി ചട്ടങ്ങളുടെ ഭേദഗതി ഉത്തരവ്) എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രകാരമുള്ള തൊഴിൽ ലഭിക്കുന്ന വ്യക്തിയുടെ വ്യക്തിഗത കുടുംബവരുമാനം പരിധിയിലധികമായാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എന്നാൽ 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങളുടെ അനുബന്ധ ഫോറത്തിൽ (നം.1) പ്രതിമാസം 100/- രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന അന്നു മുതൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നതല്ല എന്ന സത്യ പ്രസ്താവനയോടെ (ക്രമ നം.6) അപേക്ഷ സമർപ്പിക്കുന്ന ഗുണഭോക്താക്കൾ തൊഴിൽ ലഭിക്കുവാനുള്ള അവസരവും, സാഹചര്യവും പഞ്ചായത്തിൽ ഒരുക്കിയിട്ടും ആയത് പ്രയോജനപ്പെടുത്താതെയാണ് തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നത്. ഓഡിറ്റ് വർഷങ്ങളിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2017-18 | 186 | ₹1,59,580/- |

തൊഴിലുറപ്പ് നിയമം പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽരഹിതരായവർ, അർഹതപ്പെട്ടവർ എന്നവരുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയാണെന്നരിക്കേ ആയതിന് പകരം താൽകാലിക ധനസഹായം എന്ന നിലയ്ക്ക് പ്രതിമാസം ലഭിക്കുന്ന തുച്ഛമായ (120/- രൂപ) ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ പ്രോൽസാഹിപ്പിക്കുന്നത് ശരിയായ നടപടിയല്ല. പഞ്ചായത്ത് പരിധിയിൽ തൊഴിൽ രഹിതരായവർക്ക് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയായതിനാൽ പ്രസ്തുത ഗുണഭോക്താക്കളെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിച്ച് തൊഴിൽ നൽകേണ്ടതും, തൊഴിൽ രഹിത വേതനം ലഭ്യമാക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്.

## 3-11 പണം മുൻകൂർ നൽകി-മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിയില്ല.

നിർവ്വഹണം- മെഡിക്കൽ ഓഫീസർ, PHC

പ്രൊജക്റ്റിന്റെപേര്- പെയിൻആൻഡ്പാലിയേറ്റീവ് , പ്രോജക്റ്റ് നമ്പർ 123/18

| ചെക്ക് നം | തുക | റിമാർക്സ് |
|---|---|---|
| SB/JC 1269724/20.1.2018 | ₹1,00,000 | |
| SB/JC 1269725/7.2.2018 | ₹13,453 | മേൽ ചെക്ക് പ്രകാരം 83,451രൂപയാണ് പിൻവലിച്ചത്. ഇതിൽ നിന്നുള്ള ചെലവാണ് 13,453 |

| | | |
|---|---|---|
| | | രൂപയുടേത്. |
| ആകെ | ₹1,13,453 | |

കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ഇൻവോയ്സ് പ്രകാരം (invoice no KZD/1133/2017 തീയ്യതി.6.12.2017) 1,13,453രൂപ മരുന്നിനും ഹോംകെയർ കിറ്റിനും നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. ലഭിക്കുവാനുള്ള മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇവ ലഭ്യമായതിനുശേഷം സ്റ്റോക്ക്-വിതരണ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 13/8.03.2019).

## 3-12 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്- അർഹമായ തുക നൽകുന്നില്ല.

പ്രൊജക്ട് നം. : 82/18 , ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്.

നിർവ്വഹണം: ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഗ്രാമപഞ്ചായത്തിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഗ്രാമപഞ്ചായത്ത് അംഗീകരിച്ച നൽകുന്ന അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രകാരം സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് ആനുപാതികമായി ഫണ്ട് വകയിരുത്താത്തതിനാൽ ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ആനുകൂല്യം പൂർണ്ണമായും വിതരണം ചെയ്ത് പദ്ധതി പ്രകാരം വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വകയിരുത്തിയ സ്ഥാപനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| ഗ്രാമപഞ്ചായത്ത് | ₹4,50,000<br>(വികസനഫണ്ട് ജനറൽ) | ₹2,53,600/-(6/17-18 തീ. 27.09.2017)<br>₹43,800/-(7/17-18 തീ. 20.10.2017)<br>₹48,900/-(10/17-18 തീ. 18.11.2017)<br>₹1,03,700/-(14/17-18തീ.17.02.2018) |
| ബ്ലോക്ക് പഞ്ചായത്ത് | ₹1,75,000 | ₹1,75,000 |
| ആകെ | ₹6,25,000 | ₹6,25,000/- |

69പേർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ആകെ വകയിരുത്തിയത് ₹6,25,000/- രൂപയാണ്. സർക്കാർ ഉത്തരവ് നം 80/ 2017/തസ്വഭവ 03.04.2017ഖ 10.3.4(ബി)പ്രകാരം പ്രതിമാസ സ്കോളർഷിപ്പ് 1000 രൂപയും പ്രതിമാസ യാത്രാബത്ത 1000 രൂപ, വസ്ത്രങ്ങൾക്കുള്ള ബത്ത, വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത എന്നീ ഇനങ്ങളിലെ വാർഷിക ബത്തയായ യഥാക്രമം

1500 രൂപ, 2000രൂപയും ഉല്ലാസ യാത്ര/പഠന പര്യടന ചെലവുകൾക്കുള്ള വാർഷിക ബത്തയായ 1,000 രൂപ എന്നിവയടക്കം 28,500 രൂപയാണ് ഒരു മാനസിക വെല്ലുവിളി നേരിടുന്ന കുട്ടിക്ക് യഥാർത്ഥത്തിൽ ലഭിക്കേണ്ടത്. മാനസിക വെല്ലുവിളി നേരിടുന്ന 25 പേരും ശാരീരിക വെല്ലുവിളി നേരിടുന്ന 44 പേരും ഉൾപ്പെടെ 69 പേർക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് ആനുപാതികമായി തുക വകയിരുത്തിയിട്ടില്ല. മാനസിക വെല്ലുവിളികൾ നേരിടുന്ന 25 ഗുണഭോക്താക്കൾക്ക് പ്രതിമാസ സ്കോളർഷിപ്പ് തുകയായ 12,000/- രൂപ വീതമാണ് നൽകിയിട്ടുള്ളത്. ഭിന്നശേഷി സ്കോളർഷിപ്പ് നൽകുന്നതിനാവശ്യമായ മുഴുവൻ തുകയും ലഭ്യമാക്കാൻ പര്യാപ്തമായ തുക ബജറ്റിലും പ്രൊജക്ട് തയ്യാറാക്കുന്ന വേളയിലും വകയിരുത്തിയതായി കണ്ടില്ല . കൂടാതെ, ഒരു വർഷം ഈ ഇനത്തിൽ എത്ര രൂപ യഥാർത്ഥ ചെലവ് വരുമെന്ന് കണക്കാക്കി ഏതെങ്കിലും യോഗത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥ അവതരിപ്പിച്ചതായും കാണുന്നില്ല. ഭിന്നശേഷി വിഭാഗക്കാർക്ക് അർഹമായ ധനസഹായം നൽകുന്നതിനാവശ്യമായ തുക വകയിരുത്തുന്നതിനും, മറ്റ് പദ്ധതികളിൽ സമാനമായ ആനുകൂല്യം ലഭ്യമായില്ല എന്ന് ഉറപ്പുവരുത്തി മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സർക്കാർ നിർദ്ദേശപ്രകാരമുള്ള ആനുകൂല്യം നൽകുന്നതിനായി നടപടി സ്വീകരിക്കുന്നതിലേക്കായി ഈ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-13 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

ഹെഡ്മാസ്റ്റർ 2017-18വർഷത്തിൽ നിർവ്വഹണം നടത്തിയ പദ്ധതികളുമായി ബന്ധപ്പെട്ട ചെലവ് രേഖകളുടെ പരിശോധനയിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപെടുകയുണ്ടായി.

1) എസ്.സി.കുട്ടികൾക്ക് ലാപ് ടോപ്പ്- നിർവ്വഹണത്തിലെ അപാകതകൾ -

ചെലവ് വിവരം - ബിൽ നം.05/18 , 16-02-2018 – 3,38,100 രൂപ-

ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം തൻവർഷം 14 കുട്ടികൾക്ക് ലാപ്പ് ടോപ്പ് വിതരണത്തിനായി മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം ലാപ്പ് ടോപ്പ് ഒന്നിന് ₹24,150/- ക്രമത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. ഇതിൽ താഴെ രേഖപ്പെടുത്തിയിട്ടുള്ള കുട്ടികൾ കോഴ്സ് രേഖകൾ ഹാജരാക്കിയിട്ടില്ല. ചില കുട്ടികൾ പയ്യന്നൂരിലെ വിദ്യാമന്ദിർ കോളേജ് എന്ന പാരലൽ കോളേജിൽ വിവിധ ബിരുദ കോഴ്സുകൾക്ക് പഠിക്കുന്നതിന്റെ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങൾക്ക് 2017-18 വർഷം അനുവദിക്കാവുന്ന സബ്സിഡി മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി 03-04-2017ൽ പുറപ്പെടുവിച്ച ജി.ഒ (എം.എസ്സ്) 79/2017 ത.സ്വ.ഭ.വ ഉത്തരവിലെ ഖണ്ഡിക 11.8.7പ്രകാരം പാരലൽ കോളേജിൽ പഠിക്കുന്ന കുട്ടികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ച രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമെ ആനുകൂല്യം നൽകുവാൻ പാടുള്ളുവെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ കുട്ടികൾ ടി രേഖകൾ ഹാജരാക്കിയതായി കാണുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| സീ.നം | പേര് | റിമാർക്സ് |
|---|---|---|
| 1 | ശ്രാവണ.കെ, D/O | പ്രൊഫഷണൽ കോഴ്സ് സർട്ടിഫിക്കറ്റ് |

| | | |
|---|---|---|
| | ഗംഗാധരൻ.എ | ഹാജരാക്കിയിട്ടില്ല. |
| 2 | മൃദുല.പി, D/O സുകുമാരൻ | പ്രഫഷണൽ കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 3 | മനീഷ.എം, D/Oകുമാരി.എം | പാരലൽ കോളേജിൽ ബിരുദ കോഴ്സിന് പഠിക്കുന്നതിന്റെ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. |
| 4 | ആരതി.കെ, D/O രമണൻ.ഇ | പ്രഫഷണൽ കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 5 | നീതുഷ.യു, D/O പുഷ്പ.യു | പാരലൽ കോളേജിൽ ബിരുദ കോഴ്സിന് പഠിക്കുന്നതിന്റെ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. |

ആവശ്യമായ രേഖകളുടെ അഭാവത്തിൽ മേൽ രേഖപ്പെടുത്തിയ 5കുട്ടികൾക്ക് ലാപ് ടോപ്പ് വിതരണത്തിന് ചെലവഴിച്ച 1,20,750/- (24,150 x 5) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2)SSA പ്രൊജക്റ്റ് - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്റ്റ് നമ്പർ : 88/18, പ്രൊജക്റ്റ് :എസ്.എസ്.എ വിഹിതം.

| ബിൽ നമ്പർ | തുക |
|---|---|
| 1/30-06-2017 | ₹5,00,000 /- |
| 9/24-03-2018 | ₹1,93,800 /- |
| ആകെ | ₹6,93,800 /- |

ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളിലേക്കുള്ള എസ്.എസ്.എ പ്രൊജക്ടുകൾക്കുള്ള പഞ്ചായത്ത് വിഹിതമായി 6,93,800 /-രൂപ മേൽ ബില്ലുകൾ പ്രകാരം അടവാക്കിയിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്തെ സ്കൂളുകൾക്ക് വേണ്ടി വിവിധ പ്രൊജക്ടുകളിലായി എസ്.എസ്.എ ചെലവഴിച്ച തുകയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. സർക്കാർ ഉത്തരവ്(എം.എസ്)72/2017 ത.സ്വ.ഭ.വ തിയ്യതി.29-03-2017 അനുസരിച്ച് ഇങ്ങനെ അടവാക്കുന്ന തുകകൾ പ്രസ്തുത കാര്യത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തേണ്ടതാണ്. എന്നാൽ എസ്.എസ്.എ ചെലവഴിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാവാതെ പ്രൊജക്ടുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിലയിരുത്താൻ സാധിക്കുകയില്ല. ഈ അപാകത കാരണം 6,93,800 /-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

തടസ്സം ഒഴിവാക്കാൻ സ്വീകരിക്കേണ്ട നടപടികൾ

പഞ്ചായത്ത് പ്രദേശത്തെ സ്കൂളുകൾക്ക് വേണ്ടി എസ്.എസ്.എ ചെലവഴിച്ച തുകയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഇങ്ങനെ ചെലവഴിച്ച തുകകൾ പ്രസ്തുത കാര്യത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് മോണിട്ടറിംഗ് സമിതി വിലയിരുത്തി സക്ഷ്യപ്പെടുത്തേണ്ടതാണ്.

## 3-14 അംഗൻവാടി കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിന് വിഹിതം നൽകൽ-പ്രവർത്തികളുടെ പുരോഗതി സംബന്ധിച്ച വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല-

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | അംഗൻവാടി കെട്ടിട നവീകരണ പ്രവർത്തനങ്ങൾ – പഞ്ചായത്ത് വിഹിതം കൈമാറൽ. |
| പ്രൊജക്റ്റ് നമ്പർ | 159/17-18 |
| നിർവ്വഹണഉദ്യോഗസ്ഥ | ICDS സൂപ്പർവൈസർ |
| അടങ്കൽ | 1,20,000 രൂപ(വികസനഫണ്ട്) |
| ബിൽ നമ്പർ/തീയതി | 15/17-18തീയതി-17.3.2018ബിൽ തുക 1,20,000രൂപ |

നിർവ്വഹണ ഉദ്യോഗസ്ഥയായ ICDS സൂപ്പർവൈസർ 2017-18വർഷം ഗ്രാമ പഞ്ചായത്തിലെ വിവിധ അംഗൻവാടി കെട്ടിടങ്ങളുടെ പുനരുദ്ധാരണം നടത്തുന്നതിനായി ഗ്രാമ പഞ്ചായത്ത് വിഹിതമായി 1,20,000 രൂപ മേൽ കാണിച്ച ബിൽ പ്രകാരം പിൻവലിച്ച് കാസറഗോഡ് ജില്ലാ പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ പേരിലുള്ള 8448-00-108-PW-Deposit എന്ന ശീർഷകത്തിൽ 17.03.2018തീയതിയിൽ ട്രഷറി ചലാൻ വഴി ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രൊജക്റ്റ് പ്രകാരമുള്ള അംഗൻവാടി കെട്ടിടങ്ങളുടെ പുനരുദ്ധാരണപ്രവർത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.. മേൽ പ്രവർത്തികളുടെ പുരോഗതി സംബന്ധിച്ച വിവരവും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 1,20,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 NPRPD ഗ്രാമ പഞ്ചായത്ത് വിഹിതം നല്കിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷം NPRPD ഗ്രാമ പഞ്ചായത്ത് വിഹിതമായി സെക്രട്ടറി ജില്ലാ പഞ്ചായത്തിന് 1,00,000 രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രൊജക്റ്റുകളിൽ ലക്ഷ്യമിട്ടിരുന്ന പ്രകാരം തന്നെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി

ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിന്നുള്ള മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി വിശദാംശം | ബിൽ നം& തിയതി | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | ICDS സൂപ്പർവൈസർ | പ്രൊജക്റ്റ് നമ്പർ-SO081/17-18 -NPRPD ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ (അടങ്കൽ 1,00,000 രൂപ- വികസനഫണ്ട് -പൊതുവിഭാഗം) | 1/2017-18 തിയതി 30.06.2017 | 1,00,000 രൂപ | സെക്രട്ടറി ജില്ലാ പഞ്ചായത്ത് കാസറഗോഡ് |

## 3-16 ഭവന നിർമ്മാണ പദ്ധതിക്കായി തുക കൈപ്പറ്റിയിട്ടും യാതൊരു നിർമ്മാണവും നടത്തിയില്ല :

പ്രോജക്റ്റ് നം- 141/2018 ലൈഫ് ഭവന നിർമ്മാണം

വകയിരുത്തൽ - വികസന ഫണ്ട്(സാധാ) ₹5,00,000/-

മെയിന്റനൻസ് ഫണ്ട്(റോഡിതരം)₹ 4,85,081/-

തനത് ഫണ്ട് ₹2,94,919/-

ട്രഷറി ബിൽ നം.- 06/19.01.2018 ₹ 3,30,000/-

07/12.02.2018 ₹ 1,70,000/-

09/09.03.2018 ₹ 1,40,000/-

11/22.03.2018 ₹ 1,80,000/-

14/27.03.2018 ₹ 1,00,000/-

നിർവ്വഹണോദ്യോഗസ്ഥൻ - VEO

2011-12 വർഷത്തിൽ ആരംഭിച്ച EMS ഭവനനിർമ്മാണ പ്രവൃത്തി, 2015-16 വർഷത്തിൽ ആരംഭിച്ച ജവഹർലാൽ നെഹ്റു ഭവന പദ്ധതി എന്നിവയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുകയും ഗഡുക്കൾ കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കാനാണ് മേൽ പദ്ധതി കൊണ്ട് ഉദ്ദേശിച്ചത്.ആയത് പ്രകാരം മുൻ വർഷങ്ങളിൽ ധനസഹായം ലഭിച്ച 7 ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ യൂണിറ്റ്

കോസ്റ്റിന് ആനുപാതികമായി 7 ഗുണഭോക്താക്കൾക്കും മേൽ ബിൽ നം. പ്രകാരം 9,20,000/- രൂപ പിൻവലിച്ച് നൽകിയിട്ടുമുണ്ട്. വിതരണം ചെയ്ത തുകയുടെ വിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര് | വിതരണം ചെയ്ത തുക |
|---|---|---|
| 1 | കുതിരുമ്മൽ നാരായണി | ₹1,20,000/- (50,000+50,000+20,000) |
| 2 | എം വി രാധ | ₹1,20,000/- (1,00,000+20,000) |
| 3 | സൽമത്ത് കെ വി | ₹2,20,000/- (50,000+90,000+80,000) |
| 4 | എം വി മാണിക്കം | ₹2,40,000/- (50,000+90,000+1,00,000) |
| 5 | റുക്സാന എം | ₹40,000/- |
| 6 | ടി വി രാജു | ₹1,00,000/- (40,000+60,000) |
| 7 | ബീഫാത്തിമ | ₹80,000/- |

എന്നാൽ മേൽ ഗുണഭോക്താക്കളിൽ ഉൾപ്പെട്ട റുക്സാന.എം,D/o ആയിസുമ്മ,പടന്ന കാന്തിലോട്ട് എന്ന ഗുണഭോക്താവ് വീടിന്റെ പ്രാരംഭ പ്രവർത്തികൾ പോലും ആരംഭിച്ചിട്ടില്ല എന്ന് കാണുകയുണ്ടായി. പ്രസ്തുത വ്യക്തിക്ക് നാളിതു വരെയായി 62,500/- രൂപ അനുവദിച്ചിട്ടുണ്ട്(EMS ഭവനപദ്ധതിയുടെ ഭാഗമായി 12.04.2010 ൽ നൽകിയ 22,500 രൂപയും മേൽ ബിൽ നം.06/19.01.2018 പ്രകാരം അനുവദിച്ച 40,000 രൂപയും ഉൾപ്പെടെ). പ്രസ്തുത വ്യക്തിയുമായി കരാർ ചമച്ചിട്ടുണ്ടെങ്കിലും വ്യവസ്ഥകൾ ഒന്നും എഴുതിച്ചേർത്തിട്ടില്ല. പണി പൂർത്തിയാക്കാത്തതിനാൽ ഭവന നിർമ്മാണത്തിനായി കൈപ്പറ്റിയ മുഴുവൻ തുകയും പലിശ സഹിതം തിരിച്ചടവാക്കാനായി ആവശ്യപ്പെട്ടു കൊണ്ട് നിർവ്വഹണോദ്യോഗസ്ഥൻ 27.06.2018 തീയ്യതിയിൽ ഗുണഭോക്താവിന് കത്ത് അയച്ചിരുന്നു. തുടർ നടപടികളുടെ വിശദാംശം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി മുഖേനെ ആവശ്യപ്പെട്ടപ്പോൾ തുക നാളിത് വരെയായി തിരിച്ചടവാക്കിയിട്ടില്ലെന്നും തുക തിരിച്ച് പിടിക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. രണ്ട് ഭവന നിർമ്മാണ പദ്ധതികളിലായി ധനസഹായം നൽകിയിട്ടും പ്രാരംഭപ്രവർത്തികൾ പോലും നടത്താത്ത പ്രസ്തുത ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 09/07.03.2018)

## 3-17 ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടും തൻവർഷം പദ്ധതി നടപ്പാക്കിയില്ല

I. പ്രോജക്റ്റ് നം- 77/2018 ഗാർഹിക കംമ്പോസ്റ്റ് യൂണിറ്റ്-റിങ് കംമ്പോസ്റ്റ്

വകയിരുത്തൽ - ധനകാര്യ കമ്മീഷൻ – ₹3,75,000/-

ഗുണഭോക്തൃ വിഹിതം- ₹3,75,000/-

നിർവ്വഹണോദ്യോഗസ്ഥൻ - VEO

മേൽ പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി VEO ക്ക് 04.11.2017 ൽ നൽകിയ44232നം.രശീതി ബുക്ക് പ്രകാരം റിങ്ങ് കംമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 49,200/- രൂപ പിരിച്ചെടുത്തിട്ടുണ്ട് (41 ഗുണഭോക്താക്കളിൽ നിന്നായി 1200 രൂപ വീതം). എന്നാൽ പ്രസ്തുത പ്രോജക്റ്റ് നടപ്പിലാക്കിയിട്ടില്ല. ആയതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടതിൽ ടെണ്ടർ കൈക്കൊണ്ട സ്ഥാപനമായ റെയ്ഡ്ക്കോ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമല്ലാത്ത റിങ് കംമ്പോസ്റ്റ് സപ്ലൈ ചെയ്തതിനാലാണ് 2017-18 വർഷത്തിൽ മേൽ പ്രോജക്റ്റ് നടപ്പിലാക്കാൻ സാധിക്കാത്തതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയത്. 2018-19 വർഷത്തിൽ പ്രസ്തുത പദ്ധതി സ്പിൽ ഓവറായി നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ റിങ് കംമ്പോസ്റ്റ് സാമ്പിളുകൾ പരിശോധിക്കാത്തതിനാലും പർച്ചേസിങ് കമ്മിറ്റിയുടെ ഇടപെടൽ ഇല്ലാത്തതിനാലുമാണ് ഇത്തരത്തിൽ കാലതാമസം സംഭവിക്കാൻ ഇടയായതെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

II. ബില്ലുകൾ പാസാകുന്നതിനു മുമ്പേ ക്യാഷ് ബുക്കിൽ വരവ് വയ്ക്കുന്നു.

ട്രഷറി ബിൽ ബുക്കുകളും ക്യാഷ് ബുക്കുകളും പരിശോധിച്ചതിൽ ക്യൂ ബില്ലിൽ ഉൾപ്പെട്ട താഴെക്കൊടുത്തിരിക്കുന്ന ബില്ലുകൾ 2017-18 വർഷത്തെ വരവായി ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ട്രഷറി ബിൽ നം&തീയ്യതി | തുക | കുറിപ്പ് | ക്യാഷ് ബുക്കിൽ വരവായി രേഖപ്പെടുത്തിയ തീയ്യതി |
|---|---|---|---|
| 12/2017-18 | ₹70,000 | ജവഹർ ലാൽ നെഹ്രു ഭവന പദ്ധതി(പ്രോ.നം.140/2018) | 27.03.2018 |
| 13/2017-18 | ₹12,300 | സംസ്കരണ സ്ഥലത്തേക്ക് മാലിന്യങ്ങൾ കൊണ്ടു പോകൽ(പ്രോ.നം.83/2018) | 27.03.2018 |
| 14/2017-18 | ₹1,00,000 | ലൈഫ് ഭവന നിർമ്മാണം(പ്രോ.നം.141/2018) | 27.03.2018 |

മേൽ ബില്ലുകൾ യഥാർത്ഥത്തിൽ പാസായത് 2018-19 സാമ്പത്തിക വർഷത്തിലാണെന്നിരിക്കെ 2017-18 വർഷത്തെ ക്യാഷ് ബുക്കിലും ട്രഷറി ബിൽ ബുക്കിലും തുക വരവായി രേഖപ്പെടുത്തിയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 09/07.03.2018)

## 3-18 തൊഴലുറപ്പ് പദ്ധതി നിർവ്വഹണത്തിലെ -അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം 513 പ്രവൃത്തികളാണ് തൊഴിലുറപ്പ് മഖേന നിർവഹിക്കാൻ ലക്ഷ്യമിട്ടത് എന്ന് ആക്ഷൻ പ്ലാൻ പരിശോധിച്ചതിൽ നിന്ന് വ്യക്തമാവുന്നു. ഇതിൽ 88 മെറ്റീരിയൽ വർക്കുകളും ഉൾപ്പെടുന്നു. ഉയർന്ന ലക്ഷ്യം നേടുന്നതിന് ആക്ഷൻപ്ളാൻ തയ്യാറാക്കിയെങ്കിലും വളരെ കുറഞ്ഞ അളവിൽ മാത്രമാണ് ഭൗതിക ലക്ഷ്യം കൈവരിക്കാനായത്. ആക്ഷൻ പ്ലാൻ പ്രകാരം ലക്ഷ്യം വെച്ചതിൽ 192 പ്രൊജക്റ്റുകൾക്ക് സാങ്കേതികാനുമതി ലഭ്യമായതിൽ 174പ്രൊജക്റ്റുകൾ മാത്രമാണ് പൂർത്തിയാക്കാനായത്. ഒരു അസിസ്റ്റന്റ് എഞ്ചിനീയറും, ഒരു ഓവർസിയറും, 2ഡാറ്റാ എൻട്രി ഓപ്പറേറ്ററും സ്ഥിരമായി ഉണ്ടായിട്ടും പരിമിതമായ തോതിൽ മാത്രമാണ് ലക്ഷ്യം കൈവരിക്കാനായത് എന്നത് ശ്രദ്ധയിൽ പെടുത്തുന്നു. പൂർണ്ണതോതിലുള്ള പ്രൊജക്റ്റ് നിർവ്വഹണം സാദ്ധ്യമാവുന്ന തരത്തിൽ പ്രവർത്തന കലണ്ടർ ക്രമീകരിച്ച് മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

- സംസ്ഥാനത്തെ പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ജലസുരക്ഷ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്. സ.ഉ (കൈ) നം.161/16/തസ്വഭവ തീ.09.11.16-പ്രകാരം ജലസുരക്ഷ-സമ്പൂർണ്ണ കിണർ റീചാർജ് സംബന്ധിച്ച പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 2017-18 വർഷത്തിൽ കിണർറീചാർജ്ജിംഗ് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടില്ല.
- 03.01.2014ന് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം പുറപ്പെടുവിച്ച മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വിജ്ഞാപനം പട്ടിക I ക്രമനമ്പർ 25 B പ്രകാരം എല്ലാ പ്രവൃത്തികൾക്കുമായി ഓരോ മാസവും കൺകറന്റ് സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനും 25 C പ്രകാരം ആറു മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. നിർവ്വഹിച്ച പ്രവൃത്തികളുടഉപയോഗയോഗ്യതകളും(Utility) ഉണ്ടായ നേട്ടവും (Out come)വിലയിരുത്തുന്നതിനും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകളും പ്രവൃത്തി സ്ഥലത്തെ അളവുകളും തമ്മിൽ ഒത്തു നോക്കുന്നതിന് സോഷ്യൽ ഓഡിറ്റ് ടീം സ്ഥലപരിശോധന നടത്തണമെന്ന് 25C (iii) പ്രകാരവും നിർദ്ദേശിച്ചിട്ടുണ്ട്.പ്രതിമാസം നടത്തേണ്ടുന്ന കൺകറന്റ് സോഷ്യൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. സോഷ്യൽ ഓഡിറ്റ് രജിസ്റ്ററിൽ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിൽ 15 വാർഡുകളിലെ ഓഡിറ്റ് ടീം അംഗങ്ങളുടെ പേര് മാത്രം ഗ്രൂപ്പായി എഴുതിയതല്ലാതെ മറ്റ് വിവരങ്ങളൊന്നും രേഖപെടുത്തിയിട്ടില്ല.

  മേൽ അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(₹) | മുന്നിരിപ്പ് ഉൾപ്പെടെ(₹) | പ്രോജക്ടിന്റെ പേര് | ചെലവ്(₹) | ബാലൻസ് (₹) |
|---|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,12,500 | 2,12,500 | നെൽകൃഷി കൂലി ചെലവ്. | 1,75,423 | 37,077 |
| 2 | ജില്ലാ പഞ്ചായത്ത്. | 2017-18 | 2,12,500 | 2,12,500 | നെൽകൃഷി കൂലി ചെലവ്. | 1,75,423 | 37,077 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,00,000 | 2,00,000 | സ്വാന്തന പരിചരണം. | 2,00,000 | 0 |
| 4 | ജില്ലാ പഞ്ചായത്ത്. | 2017-18 | 1,00,000 | 1,00,000 | സ്വാന്തന പരിചരണം. | 1,00,000 | 0 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,75,000 | 1,75,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 1,75,000 | 0 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,00,000 | 2,00,000 | ഖാദി യൂണിറ്റിന് വർക്ക് ഷെഡ് നിർമ്മാണം. | 0 | 2,00,000 |
| 7 | ജില്ലാ പഞ്ചായത്ത്. | 2017-18 | 10,00,000 | 10,00,000 | ഖാദി യൂണിറ്റിന് വർക്ക് ഷെഡ് നിർമ്മാണം. | 0 | 10,00,000 |
| 8 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 10,00,000 | 10,00,000 | ഉദിനൂർ ശ്മശാനം | 0 | 10,00,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ആധുനിക വൽക്കരിക്കൽ. | | |
| 9 | ജില്ലാ പഞ്ചായത്ത്. | 2017-18 | 20,00,000 | 20,00,000 | ഉദിനൂർ ശ്മശാനം ആധുനിക വൽക്കരിക്കൽ. | 0 | 20,00,000 |
| 10 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 5,50,000 | 5,50,000 | പാലിന് സബ്സിഡി. | 5,50,000 | 0 |
| 11 | ജില്ലാ പഞ്ചായത്ത്. | 2017-18 | 2,00,000 | 2,00,000 | പാലിന് സബ്സിഡി. | 2,00,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| PWD, കാസർഗോഡ് | അംഗൻവാടി കെട്ടിടനവീകരണ പ്രവർത്തനങ്ങൾ പഞ്ചായത്ത് വിഹിതംകൈമാറൽ | 15/17.3.2018 | ₹1,20,000 | - | ₹1,20,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

സ്ഥിര നിക്ഷേപങ്ങൾ ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2017-18 വർഷത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2013-14 | 3(2) | 14104/- | ടി.വി.രാജൻ ഹെഡ് മാസ്റ്റർ ജി.യു.പി.എസ് . പടന്ന | 117010102348/2/8/17 |
| 2015-16 | 2(4) | 250/- | സീന.എ.PHC, ലാബ് അസിസ്റ്റൻഡ് പടന്ന | 117010100539/6/5/17 |
| 2015-16 | 2(4) | 250/- | രാജ്കുമാർ. PHC, ലാബ് അസിസ്റ്റൻഡ് പടന്ന | 117010100538/6/5/17 |
| ആകെ | | 14604 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക. നം | സമാഹൃതറിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2000-01<br>3-14-2.2 | 2003-04<br>ഖണ്ഡിക നം.32 | മറ്റ് പരാമർശങ്ങൾ(പവർ ടില്ലർ വാങ്ങിയത്)<br>1,86,562 രൂപ | തീർപ്പാക്കിയിട്ടില്ല. |
| 2006-07<br>2.14 | 2010-11<br>ഖണ്ഡിക നം.3-11 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.<br>1,75,413 രൂപ | തീർപ്പാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 2014-15,2015-16<br>2.1,2.2,2.6,2.7,2.8,2.9,2.10 | 2016-17<br>അദ്ധ്യായം 1<br>അനുബന്ധം3 | വസ്തു നികുതി | തീർപ്പാക്കിയിട്ടില്ല. |
| 2015-16<br>2.4 | 2016-17<br>അദ്ധ്യായം 2<br>അനുബന്ധം5 | തൊഴിൽ നികുതി | തീർപ്പാക്കിയിട്ടില്ല. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹5,14,66,133 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹5,65,84,940 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹17,58,350 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല. | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3(1) | ₹1,25,000 | ഡോ.സാബു.എം.പി, വെറ്ററിനറി സർജൻ |
| 3(2) | ₹30,000 | ഡോ.സാബു.എം.പി, വെറ്ററിനറി സർജൻ |
| 3(3) | ₹60,000 | ഡോ.സാബു.എം.പി, വെറ്ററിനറി സർജൻ |
| 3(4) | ₹99,200 | അജദേവ്, അസി.സെക്രട്ടറി |
| 3(5) | ₹4,09,600 | വിനയരാജ്.കെ.വി(അസി.സെക്രട്ടറി,ഇൻചാർജ്) |
| 3(13)-1 | ₹1,20,750 | രാജൻ.ടി.വി, ഹെഡ് മാസ്റ്റർ |
| 3(13)-2 | ₹6,93,800 | രാജൻ.ടി.വി, ഹെഡ് മാസ്റ്റർ |
| 3(14) | ₹1,20,000 | ജിസ്മി അഗസ്റ്റിൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3(15) | ₹1,00,000 | ഗിരിജ.കെ.വി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | ₹17,58,350 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല. | | |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേ ഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | കെ.എസ്എ.കെ.എസ്.ഡി.3/480/06<br>തീ 09-03-07 | 3 |
| 1996-97 | കെ.എസ്എ.കെ.എസ്.ഡി.9/48/16(2)<br>തീ19.03.16 | 5 |
| 1997-98 | കെ.എസ്എ.കെ.എസ്.ഡി.9/48/16(3)<br>തീ19.03.16 | 2 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി.5/48/00<br>തീ 25.07.2000 | 5 |
| 1999-00 | കെ.എസ്എ.കെ.എസ്.ഡി.9/48/16(4)<br>തീ19.03.16 | 8 |
| 2000-01 | കെ.എസ്എ.കെ.എസ്.ഡി.9/48/16(5)<br>തീ19.03.16 | 4 |
| 2001-02(p) | കെ.എസ്എ.കെ.എസ്.ഡി.9/48/16(6)<br>തീ19.03.16 | 3 |
| 2002-03 | കെ.എസ്എ.കെ.എസ്.ഡി.9/48/16(7)<br>തീ19.03.16 | 3 |
| 2001-02 | കെ.എസ്എ.കെ.എസ്.ഡി.9/48/16(6)<br>തീ19.03.16 | 2 |
| 2003-04 | കെ.എസ്എ.കെ.എസ്.ഡി.9/48/16(8) | 3 |

| | | |
|---|---|---|
| | തീ19.03.16 | |
| 2004-05 | കെ.എസ്എ.കെ.എസ്.ഡി.9/48/16(9) തീ19.03.16 | 3 |
| 2005-06 | കെ.എസ്എ.കെ.എസ്.ഡി.9/48/16(10) തീ19.03.16 | 2 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി.3/454/09 തീ 06.04.2010 | 13 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി.3/455/09 തീ 07.04.2010 | 13 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി.3/866/12 തീ 03.04.2013 | 12 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി.3/867/12 തീ 02.04.2013 | 7 |
| 2010-11 | എൽ.എഫ്.കെ.എസ്.ഡി.3/868/12 തീ 03.04.2013 | 11 |
| 2011-12, 2012-13 | എൽ.എഫ്.കെ.എസ്.ഡി.8/580/15 തീ 9.7.2015 | 11 |
| 2013-14 | കെ.എസ്.എ.കെ.എസ്.ഡി 9/310 /16 തീ. 09.09.16 | 15 |
| 2014-15 | കെ.എസ്.എ.കെ.എസ്.ഡി9/770/2016 തീ. 23.07.2016 | 26 |
| 2015-16 | കെ.എസ്.എ.കെ.എസ്.ഡി 9/1271/201 തീ.23.12.2016 | 17 |
| 2016-17 | കെ.എസ്.എ/കെ.എസ്.ഡി- | 17 |

| | | |
|---|---|---|
| | 9/997/2017തീയതി.28.08.2017. | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയരക്ടർ (ഹ.ഗ്രേ),
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ്

സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പടന്ന ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-3ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-2

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Padne Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 16361729.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 879730.00 |
| 140000000 | Fees & User Charges | RP-4 | 349691.00 |
| 150000000 | Sale & Hire Charges | RP-5 | 1035790.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 32219959.00 |
| 171000000 | Interest Earned | RP-9 | 259451.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6853792.00 |
| 350000000 | Other Liabilities | RP-36 | 5179522.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 19460.00 |
| 311000000 | Earmarked Funds | RP-29 | 568.00 |
| 340000000 | Deposits Received | RP-34 | 74331.00 |
| 350000000 | Other Liabilities | RP-36 | 378025.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4177314.00 |
| 460000000 | Loans, Advances and Deposits | RP-47 | 38500.00 |
| | Grand total | | 67827862.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2651514.00 |
| 220000000 | Administrative Expenses | RP-12 | 580450.00 |
| 230000000 | Operations & Maintenance | RP-13 | 859810.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3998058.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 8308848.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 761696.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 474424.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 826760.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 2312107.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 59520.00 |
| 280000000 | Prior Period item | RP-26 | 9758.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 46143.00 |
| 350000000 | Other Liabilities | RP-36 | 8504911.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1132.00 |
| 311000000 | Earmarked Funds | RP-29 | 118.00 |
| 340000000 | Deposits Received | RP-34 | 17900.00 |
| 350000000 | Other Liabilities | RP-36 | 2035413.00 |
| 410000000 | Fixed Assets | RP-38 | 12889084.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 10764825.00 |
| 460000000 | Loans, Advances and Deposits | RP-47 | 1482469.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 11179371.00 |
| Cash | Cash | RP-40(b) | 63551.00 |
| | Grand Total | | 67827862.00 |

## അനുബന്ധം-3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

Padne Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|

| | | | |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4234747.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 20820.00 |
| 140000000 | Fee & User Charges | I-4(b) | 431191.00 |
| 150000000 | Sale & Hire Charges | I-5(b) | 1035790.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 83867816.00 |
| 171000000 | Interest Earned | I-8 | 259451.00 |
| 180000000 | Other Income | I-9 | 19460.00 |
| | Total Income | | 89869275.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8553091.00 |
| 220000000 | Administrative Expenses | I-11(b) | 580450.00 |
| 230000000 | Operations & Maintenance | I-12(b) | 1729166.00 |
| 240000000 | Interest & Finance Charges | I-13 | 1132.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7615145.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 28940460.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 761696.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 536424.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 36624160.00 |
| 255000000 | Maintenance Projects | I-14(e) | 2344186.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 59520.00 |
| 272000000 | Depreciation | I-17(a) | 4906677.00 |

| | | | |
|---|---|---|---|
| | Total Expenditure | | 92652107.00 |
| | Gross Surplus/ Deficit of income over Expenditure | | -2782832.00 |
| 280000000 | Prior Period Item | I-18 | 204063.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -2986895.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-4

## ബാലൻസ് ഷീറ്റ്

| Padne Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -5961599.65 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 15559.00 |
| 312000000 | Reserves | B-3 | 51621838.00 |
| | Total Reserve & Surplus | | 45675797.35 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7812189.00 |
| | Total Grants, Contributions for Specific Purposes | | 7812189.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 285600.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1507478.82 |
| | Total Current Liabilities and Provisions | | 1793078.82 |
| | TOTAL LIABILITIES | | 55281065.17 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 58371529.00 |
| 411000000 | Accumulated Depreciation | B-11 | -25396255.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |

| | | | |
|---|---|---|---|
| | Total Fixed Assets | | 32975274.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 10816831.17 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 11243372.00 |
| 460000000 | Loand, Advances and Deposits | B-18 | 245588.00 |

| | |
|---|---|
| Total Current Assets, Loans and Advances | 22305791.17 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 55281065.17 |